കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# ആര്യങ്കോട് ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

2017-18

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം,തിരുവനന്തപുരം.

e-mail: lfadtvm@yahoo.in
dotvm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.റ്റി.വി.എം./ജി.പി.2/2380/18

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം,
തിരുവനന്തപുരം, തീയതി :02.02.2019
Phone No : 0471-2331231
Email : lfadtvm@yahoo.in
dotvm.ksad@kerala.gov.in

ഡെപ്യൂട്ടി ഡയറക്ടർ

ആര്യങ്കോട് ഗ്രാമ പഞ്ചായത്ത്
പ്രസിഡന്റ് (സെക്രട്ടറി മുഖേന)

സർ,

വിഷയം : ആര്യങ്കോട് ഗ്രാമപഞ്ചായത്ത് 2017-18സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്.

1994 -ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 -ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ആര്യങ്കോട് ഗ്രാമപഞ്ചായത്തിന്റെ 2017-2018 സാമ്പത്തികവർഷത്തെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ് പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20, 23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1,2)എന്നിവ കാണുക)

വിശ്വസ്തതയോടെ,
ഒപ്പ്
ഡെപ്യൂട്ടിഡയറക്ടർ

പകർപ്പ് :

1) ഡയറക്ടർ,കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് , തിരുവനന്തപുരം (ഉപരിപത്രം സഹിതം).

2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തിരുവനന്തപുരം
3) കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.റ്റി.വി.എം/ജി.പി.2/2380/18 തീയതി: 02.02.2019

തിരുവനന്തപുരം ജില്ലയിലെ ആര്യങ്കോട് ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തിരുവനന്തപുരം ജില്ലയിലെ ആര്യങ്കോട് ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 15.05.2017 മുതൽ 21.10.2018 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 28 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ -26- എണ്ണത്തിനും മറുപടി ലഭിച്ചിട്ടുണ്ട്. പ്രസ്തുത മറുപടികളും വിശദീകരണങ്ങളും പരിഗണിച്ചുകൊണ്ടാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ സാജൻലാൽ എസ്.ജെ. (ഡെപ്യൂട്ടി ഡയറക്ടർ) |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 22.10.2018മുതൽ 30.10.2018വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | 1. ശ്രീമതി.സിന്ധുലാബീവി. എം. ഓഡിറ്റ് ഓഫീസർ |
| | 2.ശ്രീ.സുരേഷ്ബാബു.ബി. സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | 3.ശ്രീ.അനിൽകുമാർ.കെ, സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | 4. ശ്രീമതി.സീന.കെ, |

| | |
|---|---|
| | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | 5.ശ്രീ.ലിപു.എസ്.ലോറൻസ്, ഓഡിറ്റർ |

(ബി) നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ. കെ.അനിൽ,<br>എ.എം.ഭവൻ, തുടലി,<br>ഡാലുംമുഖം - പി.ഒ. | 01-04-2017മുതൽ<br>31-03-2018വരെ |
| സെക്രട്ടറി | ശ്രീ.എസ്.ഒ.ഷാജികുമാർ,<br>എസ്.എസ്.ഭവൻ, തിരുപുറം,<br>തിരുപുറം. പി.ഒ. | 01-04-2017മുതൽ<br>31-03-2018വരെ |

നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | ഉദ്യോഗസ്ഥന്റെ പേര്,വിലാസം | കാലയളവ് |
|---|---|---|
| കൃഷി ഓഫീസർ | ശ്രീ. ശശികുമാർ.എസ്,<br>ശ്രീരാഗം, മൈലക്കര, കള്ളിക്കാട് | 01.04.2017 മുതൽ<br>31.03.2018 വരെ |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (എ-സർക്കിൾ) | ശ്രീ.അജിത് മോഹൻ<br>സന്തോഷ് ഭവൻ, കരിങ്ങൽ, കണ്ടല. | 01.04.2017 മുതൽ<br>31.03.2018 വരെ |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (ബി-സർക്കിൾ) | ശ്രീ. സുരേഷ്.ജെ.നായർ ശ്രീനന്ദനം, ഉദിയൻക്കുളങ്ങര, വട്ടവിള. | 01.04.2017 മുതൽ<br>31.03.2018 വരെ |
| ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 1.ശ്രീമതി.സിന്ധു.<br>അച്ചുതം, മൈലച്ചൽ, ഒറ്റശേഖരമംഗലം<br>2.ശ്രീമതി.സുബി, വിനോദ് ഭവൻ, ളുങ്ങാംപാറ, കണ്ടല | 01.04.2017മുതൽ 14.06.2017 വരെ<br>15.06.2017 മുതൽ 31.03.2018 വരെ |
| മെഡിക്കൽ ഓഫീസർ പി.എച്ച്.സി. | ഡോ.മഞ്ചു മോഹൻദാസ്,<br>ബെദ്സെയ്ദ, ചാമവിള, പൂവച്ചൽ, കാട്ടാക്കട പി.ഒ. | 01-04-2017മുതൽ<br>31-03-2018വരെ |
| മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | ഡോ.മീര.വരദ, റ്റി.സി. 51/1308-1 അംബേദ്ക്കർ റോഡ്, അരമട.പി.ഒ, പുന്നയ്ക്കാമുകൾ | 01.04.2017 മുതൽ<br>31.03.2018 വരെ |

| | | |
|---|---|---|
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ.കവിത.വി.എസ്.<br>അദ്വൈതം,എസ്.ആർ.കെ ,<br>ആശ്രമം റോഡ്, നെട്ടയം.പി.ഒ | 01.04.2017 മുതൽ<br>31.03.2018 വരെ |
| ഹെഡ്മാസ്റ്റർ(ജി.എച്ച്.എസ്.എസ്. മൈലച്ചൽ) | ശ്രീമതി.മായ.സി,<br>ഉഷാസദനം, ഋങ്ങാംപാറ,<br>കണ്ടല.പി.ഒ. | 01.04.2017 മുതൽ<br>31.03.2018 വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | 1.ശ്രീമതി.ഗായത്രി.വി.എസ്.<br>TC.17/1550,MNRA71,<br>ചെങ്കള്ളൂർ, പൂജപ്പുര<br>2.ശ്രീമതി.സരിത.ജെ<br>അഭിരാമം,പരവോട്ടുകോണം,<br>അമരവിള<br>3.ശ്രീ.ദീപക്ക്.എസ്.ആർ.<br>ഈശ്വരിഭവൻ,<br>കൈതക്കുഴി ലൈൻ,<br>പി.പി.എം. ജംഗഷൻ,<br>കളിയിക്കാവിള . | 01.04.2017-30.04.17<br>&08.08.2017-03.10.2017<br>01.05.2017 മുതൽ<br>07.08.2017<br>04.10.2017 മുതൽ<br>31.03.2018 |
| ഡയറി ഫാം ഇൻസ്പെക്ടർ | 1.ശ്രീ .ശ്രീകുമാർ,<br>കാർത്തിക,<br>പുഞ്ചക്കരി,തിരുവല്ലം<br>2.ശ്രീ.ശിവാംബിക,<br>വരേണ്യ, വെൺപകൽ<br>3.ശ്രീമതി.സുസ്മിത.കെ.എസ്.<br>ജയലക്ഷമി,കുഴിവിള,കരിമണൽ | 01.04.2017 മുതൽ<br>21.11.2017 വരെ<br>22.11.2017 മുതൽ<br>06.12.2017 വരെ<br>07.12.2017 മുതൽ<br>31.03.2018 വരെ |
| വെറ്ററിനറി സർജൻ | 1.ഡോ.മിനി,<br>സന്തോഷ് വിലാസം<br>പ്ലാങ്കാള, ചെങ്കൽ.പി.ഒ.<br>2.ഡോ.സൂരജ്,<br>സന്തോഷ് ഭവൻ, കരിങ്ങൽ,<br>കണ്ടല<br>3.ഡോ.മിനി,<br>സന്തോഷ് വിലാസം<br>പ്ലാങ്കാള, ചെങ്കൽ.പി.ഒ. | 01.04.2017 മുതൽ<br>08.09.2017 വരെ<br>09.09.2017 മുതൽ<br>14.03.2018 വരെ<br>15.03.2018 മുതൽ<br>31.03.2018 വരെ |

| | | |
|---|---|---|
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ.വിജയൻ. എൻ.<br>സനം,<br>എൽ.പി.എസിനു സമീപം<br>കന്യാക്കുളങ്ങര.പി.ഒ | 01.04.2017 മുതൽ<br>03.08.2017 വരെ |
| | ശ്രീ.അനിലാൽ.വി.ആർ.<br>ഉത്രാടം, മുള്ളിക്കാട്, ചിതറ.പി.ഒ | 04.08.2017 മുതൽ<br>04.12.2017 വരെ |
| | ശ്രീമതി.ഗീത.വി.എസ്.<br>അഭിഷേകം, പേരൂർക്കോണം, ബാലരാമപുരം | 05.12.2017 മുതൽ<br>31.03.2018 വരെ |

<u>ഉള്ളടക്കം</u>



| ക്രമ നം. | <u>ഭാഗം 1</u> | ഖണ്ഡിക നമ്പർ | പേജ് നമ്പർ |
|---|---|---|---|
| 1 | ബജറ്റ് | 1-1 | |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 | |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 1-3 | |
| 4 | സാമ്പത്തിക വിശകലനം | 1-4 | |
| 5 | ഫണ്ട് വിനിയോഗം | 1-5 | |
| 6 | പദ്ധതി അവലോകനം. | 1-6 | |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-7 | |
| 8 | ക്ഷേമപദ്ധതികൾ | 1-8 | |
| 9 | ക്യാഷ് പരിശോധന | 1-9 | |
| 10 | ആഭ്യന്തരനിയന്ത്രണം. | 1-10 | |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 | |
| 12 | വാർഷിക കണക്കുകളിലെ അപാകതകൾ | 1-12 | |
| | ഭാഗം 2 | | |
| 13 | ബഡ്ജറ്റ്-നടപടിക്രമം പാലിച്ചിട്ടില്ല | 2-1 | |
| 14 | വസ്തു നികുതി-തുക ഈടാക്കിയതിൽ കുറവ് | 2-2 | |
| 15 | ഡി & ഒ ലൈസൻസ് അപാകങ്ങൾ | 2-3 | |

| | | |
|---|---|---|
| 16 | പട്ടികൾക്ക് ലൈസൻസ് നല്കുന്നില്ല | 2-4 |
| 17 | ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ 33 % മാത്രം | 2-5 |
| 18 | തൊഴിൽനികുതി അടവാക്കൽ-ക്രമപരമായ നടപടികൾ സ്വീകരിച്ചിട്ടില്ല | 2-6 |
| 19 | ഇ-ടെൻഡർ ഫോറത്തിന്റെ വില /ടെന്റർ ഫീസ് ലഭ്യമാക്കിയിട്ടില്ല | 2-7 |
| 20 | വർക്കേഴ്സ് വെൽഫയർ ഫണ്ടായി ഈടാക്കിയ തുകയ്ക്ക് കളക്ഷൻ ചാർജ് ഈടാക്കിയില്ല | 2-8 |
| 21 | മരാമത്ത് പ്രവൃത്തികളിൽ കരാർ ചമയ്ക്കാൻ കാലതാമസം നിയമാനുസൃത പിഴ ഈടാക്കിയില്ല. | 2-9 |
| 22 | വസ്തു നികുതി-സഞ്ചയ -സാംഖ്യ തുകകൾ പൊരുത്തപ്പെടുന്നില്ല | 2-10 |
| 23 | പെർമിറ്റ് അനുവദിക്കുന്നതിൽ കാലതാമസം | 2-11 |
| | ഭാഗം -3 | |
| 24 | ബജറ്റിൽ വകയിരുത്തിയതിനെക്കാൾ കൂടുതൽ തുക ചെലവഴിച്ചിരിക്കുന്നു | 3-1 |
| 25 | തെരുവ് വിളക്ക് പരിപാലനം--അപാകതകൾ | 3-2 |
| 26 | എസ്.എൽ.ഐ പ്രീമിയം അടവാക്കിയതിൽ കുറവ് | 3-3 |
| 27 | എസ്.എൽ.ഐ പ്രീമിയം അംഗത്വം എടുത്തിട്ടില്ല | 3-4 |
| 28 | തൊഴിലുറപ്പ് പദ്ധതി | 3-5 |
| 29 | പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമല്ല-ചെലവ് തുക തടസ്സപ്പെടുത്തുന്നു 20,33,172/- | 3-6 |
| 30 | മണ്ണാംകോണം ഗ്രാമകേന്ദ്രം അറ്റകുറ്റപണികൾ-(പദ്ധതി 54/18) -ഗുണഭോക്തൃ സമിതി വരവ് ചെലവ് രേഖകൾ ഹാജരാക്കിയിട്ടില്ല. തടസ്സം-3,39,292/- | 3-7 |
| 31 | റോഡ് പ്രവൃത്തികൾ റോഡ് കണക്ടിവിറ്റി മാപ്പ് തയ്യാറാക്കാതെ നിർവഹിക്കുന്നു. | 3-8 |

| | | |
|---|---|---|
| 32 | നടപ്പിലാക്കാൻ തീരുമാനിച്ച സ്പിൽ ഓവർ പ്രോജക്റ്റുകൾ നടപ്പിലാക്കുന്നില്ല. | 3-9 |
| 33 | 10 mm സ്റ്റീൽ ബാർ ഉപയോഗിച്ചതിന് അധികനിരക്ക് നല്കി. നഷ്ടം 6,489/- | 3-10 |
| 34 | പരമ്പരാഗത തൊഴിൽ ചെയ്യുന്നവർക്ക് ധനസഹായം- ലക്ഷ്യം കൈവരിച്ചിട്ടില്ല. | 3-11 |
| 35 | പട്ടികജാതി വിദ്യാർത്ഥികൾക്ക് ഉന്നതപഠനത്തിന് ധനസഹായം-ബ്ലോക്ക് ഷെയർ ചെലവ് നടന്നിട്ടില്ല. | 3-12 |
| 36 | പദ്ധതിപണം പാഴാകുന്ന പ്രവണത ഒഴിവാക്കേണ്ടതാണ് | 3-13 |
| 37 | അങ്കണവാടികളിലെ സൗകര്യങ്ങൾ അപര്യാപ്തം | 3-14 |
| 38 | ജാഗ്രതാ സമിതികൾ നിർജ്ജീവം | 3-15 |
| 39 | ഗുണഭോക്തൃ തെരഞ്ഞെടുപ്പ് അപാകങ്ങൾ | 3-16 |
| 40 | സംയുക്ത പരിശോധന നടത്തിയിട്ടില്ല | 3-17 |
| 41 | ഗുണഭോക്തൃ തെരഞ്ഞെടുപ്പ്, ആനുകൂല്യം നൽകൽ-സുതാര്യമല്ല | 3-18 |
| 42 | പത്രപ്പരസ്യത്തിന് ഡിസ്കൗണ്ട് നേടുന്നില്ല | 3-19 |
| | ഭാഗം 4 | |
| 43 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 44 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 45 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 46 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 47 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 48 | ഓഡിറ്റ് റിക്കവറി | 4-6 |
| 49 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 50 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം | 4-8 |
| 51 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |

| | | |
|---|---|---|
| 52 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-10 |
| 53 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | അനുബന്ധം 1 |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബഡ്ജറ്റ്

ആര്യങ്കോട് ഗ്രാമപഞ്ചായത്തിന്റെ 2017-18 വർഷത്തെ ബജറ്റ് സംബന്ധിച്ചുള്ള വിവരങ്ങൾ താഴെ കൊടുക്കുന്നു.

| വർഷം | ബജറ്റ് അംഗീകരിച്ച തീയതി | ബജറ്റ് പ്രകാരം പ്രതീക്ഷിച്ചിരുന്ന ആകെ വരവ് (മുന്നിരിപ്പ് ഉൾപ്പെടെ)/ചെലവ്. | | യഥാർത്ഥ തുക | കുറവ് | കുറവ് ശതമാനത്തിൽ |
|---|---|---|---|---|---|---|
| 2017-18 | 23.03.2017 | വരവ് | 165956608 | 84349853 | 81606755 | |
| | | ചെലവ് | 159185361 | 79063134 | 80122227 | |
| | | നീക്കിയിരിപ്പ് | 6771247 | 5286719 | 1484528 | |

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2018 | 02.06.2018 | - | - |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം

08.08.2018-ലെ കെ.എസ്.എ.റ്റി.വി.എം/ജി.പി.2/1511/2018-ാം നമ്പരായി പുറപ്പെടുവിച്ചിട്ടുണ്ട്.

## 1-4 സാമ്പത്തിക വിശകലനം (റസീപ്റ്റ് &പെയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് : | 88,86,808/- |
| വരവ് : | 7,54,63,045/- |
| ആകെ : | 8,43,49,853/- |

| | |
|---|---|
| ചെലവ് : | 7,90,63,134/- |
| നീക്കിയിരിപ്പ്: | 52,86,719/- |

## 1-5 ഫണ്ട് വിനിയോഗം

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട് -ജനറൽ | 0 | 17155948 | 17155948 | 17155948 | 0 |
| വികസന ഫണ്ട്-എസ്.സി.പി. | 0 | 5137547 | 5137547 | 5137547 | 0 |
| സി.എഫ്.സി | 0 | 8613989 | 8613989 | 8613989 | 0 |
| ലോക ബാങ്ക് | 0 | 4080274 | 4080274 | 4080274 | 0 |
| ബി-ഫണ്ട് | 0 | 548880 | 548880 | 548880 | 0 |
| മെയിന്റനൻസ് റോഡ് | 0 | 8936593 | 8936593 | 8936593 | 0 |
| മെയിന്റനൻസ് നോൺ റോഡ് | 0 | 4526510 | 4526510 | 4526510 | 0 |
| ജനറൽ പർപ്പസ് ഫണ്ട് | 3717246 | 8638000 | 12355246 | 12036030 | 319216 |
| TSB-SGRY | 109078 | 0 | 109078 | 0 | 109078 |
| സാക്ഷരത | 265449 | 137200 | 402649 | 17193 | 385456 |
| തണൽ ഹൗസിംഗ് | 49932 | 0 | 49932 | 0 | 49932 |
| എം.എൻ.ആർ.ജി.എസ്. | 13946 | 1619247 | 1633193 | 1625080 | 8113 |
| ദുരിതാശ്വാസ നിധി | 0 | 1235 | 1235 | 550 | 685 |
| ഇ-പേയ്മെന്റ് (SBI own fund) | 4372547 | 5880951 | 10253498 | 7794411 | 2459087 |
| സംയുക്ത പ്രോജക്ട് | 0 | 3829075 | 3829075 | 4293442 | -464367 |

| | | | | | |
|---|---|---|---|---|---|
| എസ്.ബി.ഐ (തനതു ഫണ്ട്) | 275127 | 6118861 | 6393988 | 4213204 | 2180784 |
| ക്യാഷ് | 83483 | 238735 | 322218 | 83483 | 238735 |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പദ്ധതികൾ നടപ്പാക്കിയതിന്റെ വിവരം ചുവടെ ചേർക്കുന്നു

| ക്രമ നം | നിർവഹണോദ്യോഗസ്ഥൻ | അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് | പദ്ധതി ചെലവ് | ഭാഗീകമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|---|---|
| 1 | കൃഷി ഓഫീസർ | 7 | 1587935 | 7 | 903910 | 0 | 0 | 57 |
| 2 | വെറ്ററിനറി സർജൻ | 8 | 7225000 | 8 | 2638000 | 0 | 0 | 62 |
| 3 | മെഡിക്കൽ ഓഫീസർ | 7 | 3300400 | 7 | 3280707 | 0 | 0 | 100 |
| 4 | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 1 | 250000 | 1 | 250000 | 0 | 0 | 100 |
| 5 | വി.ഇ.ഒ | 18 | 11330956 | 14 | 7287833 | 0 | 4 | 77 |
| 6 | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 10 | 5143235 | 10 | 4043387 | 0 | 0 | 100 |
| 7 | സെക്രട്ടറി | 30 | 13569107 | 27 | 11239617 | 0 | 3 | 90 |
| 8 | എ.ഇ | 121 | 61505218 | 87 | 20120877 | 0 | 34 | 72 |
| 9 | ഡെയറി ഫാം ഇൻസ്ട്രക്ടർ | 2 | 3601537 | 2 | 3601537 | 0 | 0 | 100 |
| 10 | ഹെഡ്മാസ്റ്റർ | 3 | 362160 | 3 | 352985 | 0 | 0 | 100 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 11 | അസിസ്റ്റന്റ് സെക്രട്ടറി | 8 | 1757500 | 3 | 314350 | | 1 | 38 |
| | ആകെ | 215 | 109633048 | 169 | 54033203 | 0 | 42 | |

## 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണച്ചെലവുകൾ | 13946 | 56970617 | 56984563 | 56976450 | 8113 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | - | 55370550 | 55370550 | 55370550 | - |
| ആകെ | 13946 | 112341167 | 112355113 | 112347000 | 8113 |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്ഷേമപദ്ധതികളുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽ രഹിത വേതനം | 278880 | 481 |
| കർഷകത്തൊഴിലാളി പെൻഷൻ | 9761900 | 3431 |
| വിധവാ പെൻഷൻ | 15001300 | 4989 |
| വാർദ്ധക്യകാല പെൻഷൻ | 22906700 | 5917 |
| വികലാംഗ പെൻഷൻ | 4935400 | 1555 |
| വിവാഹധനസഹായം | 270000 | 9 |
| അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 34500 | 110 |

## 1-9 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 22.10.2018 രാവിലെ 11മണിക്ക് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തി. 538/-രൂപ നീക്കിയിരുപ്പിന്റെ കൃത്യത പരിശോധിച്ച് ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തര നിയന്ത്രണം

സെക്രട്ടറി ഓഫീസ് ഉത്തരവുകൾ പുറപ്പെടുവിച്ച് ജീവനക്കാർക്ക് ജോലി വിഭജിച്ചു നൽകിയിട്ടുണ്ട്. വൗച്ചറുകളും, ബന്ധപ്പെട്ട രജിസ്റ്ററുകളും, രേഖകളും പരിശോധിച്ച് പ്രതിമാസ കണക്കുകളിൽ ഉൾക്കൊള്ളിച്ച ചെലവുകൾ ബജറ്റിൽ അധികരിച്ചിട്ടില്ലെന്നും മിതവും കാര്യക്ഷമവുമാണെന്ന് ഉറപ്പുവരുത്തുന്നതിൽ വീഴ്ചയുണ്ട്.

ജീവനക്കാരുടെ ശമ്പളം ഉൾപ്പെടെയുള്ള തുകകൾ ബാങ്ക് അക്കൗണ്ടുകളിലേയ്ക്ക് ട്രാൻസ്ഫർ ചെയ്യുന്നുണ്ട്. ഭരണപരമായ നയങ്ങളുടെ പരിപാലനം നടപടിക്രമങ്ങൾ, കടമകൾ എന്നിവ നിറവേറ്റുന്നതിൽ പഞ്ചായത്ത് ഏറെക്കുറെ തൃപ്തികരമായ പ്രവർത്തനം നടത്തിയിട്ടുണ്ട്. ഗുണഭോക്തൃ തെരഞ്ഞെടുപ്പ് കൂടുതൽ ജനകീയമാക്കേണ്ടതുണ്ട്.

സഞ്ചയയിൽ പ്യൂരിഫിക്കേഷൻ 78% മാത്രമേ പൂർത്തിയാക്കിയിട്ടുള്ളൂ.അതിനാൽ വസ്തു നികുതിയിലെ യഥാർത്ഥ വരവും നീക്കിയിരുപ്പും വാർഷിക ധനകാര്യപത്രികയുമായി പൊരുത്തപ്പെടുന്നില്ല. പെർമ്മിറ്റ് രജിസ്റ്ററിലെ എല്ലാ കോളങ്ങളും പൂരിപ്പിക്കുവാൻ സെക്ഷൻ കൈകാര്യം ചെയ്യുന്ന ഉദ്യോഗസ്ഥർ ശ്രദ്ധിക്കേണ്ടതാണ്.

(i)പൊതുഭരണം

ഫ്രണ്ട് ഓഫീസ് സംവിധാനം മെച്ചപ്പെടുത്തണം

ഫ്രണ്ട് ഓഫീസ് സംവിധാനം ഏർപ്പെടുത്തുക വഴി ഭരണഘടനയുടെ ആമുഖത്തിൽ വിഭാവനം ചെയ്യുന്ന സാമൂഹ്യനീതി,പദവിയിലും അവസരത്തിലുമുള്ള തുല്യത ,ഓരോ വ്യക്തിയുടെയും സ്വാഭിമാനം എന്നിവ സേവനപ്രദാന സംവിധാനത്തിൽ ഉറപ്പുവരുത്തുവാൻ സഹായിക്കുന്നു. ഇതിലേയ്ക്കായി സർക്കാർ വിശദമായ മാർഗരേഖ പുറപ്പെടുവിച്ചിട്ടുണ്ട്(.സ.ഉ(കൈ) 123/09 ത.സ്വ.ഭ.വ തീ.02.07.2009). മാർഗരേഖയുടെ അടിസ്ഥാനത്തിൽ പഞ്ചായത്ത് സ്വീകരിച്ച നടപടി ചുവടെ ചേർക്കുന്നു

| ക്രമ നം | പ്രവർത്തനം | പഞ്ചായത്ത് സ്വീകരിച്ച നടപടി |
|---|---|---|
| 1 | സ്വീകരിക്കുന്ന തപാലുകളുടെ വിവരങ്ങൾ ഉത്തരവിലെ അനുബന്ധം 1 പ്രകാരമുള്ള ഫ്രണ്ട് ഓഫീസ് രജിസ്ട്രേഷൻ-വിതരണ രജിസ്റ്ററിൽ ചേർക്കണം. | ഉണ്ട് |
| 2 | തപാൽ നമ്പർ ഓരോ കലണ്ടർ വർഷത്തിലും പുതുതായി ആരംഭിച്ച് വർഷാവസാനം വരെ തുടർച്ചയായി ക്രമീകരിക്കണം. | അതെ |
| 3 | തപാലുകളുടെ കൂടെയോ പ്രത്യേകമായോ ലഭിക്കുന്ന ആധാരങ്ങൾ, ബോണ്ടുകൾ തുടങ്ങിയവ ഫ്രണ്ട് ഓഫീസിൽ സ്വീകരിച്ച് രജിസ്റ്റർ ചെയ്യുകയും സെക്യൂരിറ്റി രജിസ്റ്ററിൽ ചേർത്ത് ബന്ധപ്പെട്ട സെക്ഷന്റെ ചുമതലയിൽ സൂക്ഷിക്കുകയും ചെയ്യണം. | ഇല്ല |
| 4 | സെക്ഷനിൽ ലഭിക്കുന്ന അപേക്ഷകളുടെ വിവരങ്ങൾ ചേർക്കേണ്ട രജിസ്റ്ററുകൾ ഏതെന്ന് അതാത് തപാലിന്റെ നേരെ രജിസ്ട്രേഷൻ - വിതരണ രജിസ്റ്ററിൽ (7ാം കോളത്തിൽ) | ഇല്ല |

| | | |
|---|---|---|
| | ചേർത്തിട്ടുണ്ടോ. പ്രത്യേക രജിസ്റ്ററിൽ ചേർക്കണമെന്ന് നിഷ്കർഷിച്ചിട്ടില്ലാത്ത എല്ലാ തപാലുകളും പൊതുതൻപതിവേടിൽ ചേർക്കണം. | |
| 5 | എല്ലാ തപാലുകൾക്കും കൈപ്പറ്റ് രസീത് നൽകണം | ഉണ്ട് |
| 6 | കൈപ്പറ്റ് രസീത് ഡ്യൂപ്ലിക്കേറ്റിൽ തയ്യാറാക്കി ഒറിജിനൽ അപേക്ഷകന് നൽകുകയും പകർപ്പ് തപാലിനോടൊപ്പം ചേർക്കുകയും ചെയ്യണം | ഉണ്ട് |
| 7 | ഫ്രണ്ട് ഓഫീസിൽ സ്വീകരിക്കുന്നതും സേവനം നൽകേണ്ടതുമായ അപേക്ഷകളുടേയും കാര്യത്തിൽ യഥാസമയം സേവനം ഉറപ്പുവരുത്താനായി അനുബന്ധം 3 മാതൃകയിലുള്ള ഫ്രണ്ട് ഓഫീസ് ഡയറി സൂക്ഷിക്കണം. | ഉണ്ട് |
| 8 | തപാൽ കൈമാറ്റങ്ങൾക്ക് രജിസ്ട്രേഷൻ-വിതരണ രജിസ്റ്ററിലെ 9ാം കോളത്തിൽ അക്നോളജ്മെന്റ് വാങ്ങണം | ഉണ്ട് |
| 9 | അതാത് ദിവസം ലഭിച്ച തപാലുകൾ യഥാസമയം വിതരണം ചെയ്ത ശേഷം "എല്ലാ തപാലുകളും രജിസ്ട്രേഷൻ വിതരണ രജിസ്റ്ററിൽ ചേർത്ത് വിതരണം ചെയ്തിട്ടുണ്ട്" എന്ന് അന്നന്ന് ചുമതല കൈമാറ്റത്തിന് മുൻപ് ഫ്രണ്ട് ഓഫീസ് സൂപ്പർവൈസർ രജിസ്ട്രേഷൻ വിതരണ രജിസ്റ്ററിൽ സാക്ഷ്യപ്പെടുത്തണം | ഇല്ല |
| 10 | സേവനം സ്വീകരിക്കുന്നതിനായി ഹാജരാകുമ്പോൾ ഒപ്പ് വാങ്ങി സേവനം നൽകേണ്ടതും കൈപ്പറ്റ് രസീത് റദ്ദാക്കുകയും ചെയ്യണം | ഉണ്ട് |
| 11 | ഇപ്രകാരം ഏഴുദിവസത്തിനകം കൈപ്പറ്റാത്ത സേവനങ്ങൾ തപാൽ മാർഗ്ഗം അയക്കുകയും ഡെസ്പാച്ച് വിവരം ഡയറിയിലെ 8ാം കോളത്തിൽ രേഖപ്പെടുത്തുകയും ചെയ്യണം | സേവനങ്ങൾ യഥാ സമയം അപേക്ഷകർ കൈപ്പറ്റാറുണ്ട്. |
| 12 | അന്വേഷണങ്ങൾക്ക് വ്യക്തമായ മറുപടി നൽകുന്നതിനുവേണ്ടി വിവരങ്ങൾ ശേഖരിക്കേണ്ട സാഹചര്യത്തിലും ഏതെങ്കിലും തരത്തിലുള്ള | ഇല്ല |

| | | |
|---|---|---|
| | വിവരങ്ങൾ സെക്ഷനോ ഉത്തരവാദപ്പെട്ടവർക്കോ ഫ്രണ്ട് ഓഫീസിലേക്കോ തിരിച്ചോ കൈമാറേണ്ട സാഹചര്യത്തിൽ അവ നൽകുന്നതിനായി അനുബന്ധം 4 പ്രകാരമുള്ള മെസ്സേജ് ബുക്ക് സൂക്ഷിക്കണം | |
| 13 | സൗജന്യമായും വില ഈടാക്കിയും നൽകുന്ന വിവിധ ഫോറങ്ങൾ ഫ്രണ്ട് ഓഫീസ് വഴി വിതരണചെയ്യുന്നതിന്റെ വിശദാംശങ്ങൾ അനുബന്ധം 5 മാതൃകയിലുള്ള ഫോറ വിതരണ രജിസ്റ്ററിൽ രേഖപ്പെടുത്തണം | ഇല്ല |
| 14 | സൗജന്യമായി വിതരണം ചെയ്യുന്ന ഫോറങ്ങളുടെ വിവരം ഫ്രണ്ട് ഓഫീസിൽ എഴുതി പ്രദർശിപ്പിക്കണം | ഇല്ല |
| 15 | സേവനവിവര ബോർഡുകൾ (അനുബന്ധം 7), ഹാജർ ബോർഡ് (അനുബന്ധം 8), ഗ്രാമസഭാ ബോർഡ് (അനുബന്ധം 9), യോഗങ്ങൾ സംബന്ധിച്ച ബോർഡ് (അനുബന്ധം 10), സർവ്വീസ് സ്റ്റാറ്റസ് ബോർഡ് (അനുബന്ധം 11) എന്നിവ തയ്യാറാക്കണം | ഉണ്ട് |
| 16 | ടോക്കൺ സമ്പ്രദായം ഏർപ്പെടുത്തണം | ഉണ്ട് |
| 17 | ഫ്രണ്ട് ഓഫീസ് പ്രവർത്തനം കാര്യക്ഷമമായും ഫലപ്രദമായും നടക്കുന്നു എന്നുറപ്പ വരുത്തുന്നതിന് പഞ്ചായത്ത് തലത്തിൽ പഞ്ചായത്ത് പ്രസിഡന്റ് ചെയർമാനും സെക്രട്ടറി കൺവീനറുമായി മോണിറ്ററിംഗ് സമിതി രൂപീകരിക്കണം | ഇല്ല |
| 18 | പൗരാവകാശരേഖ കാലാനുസൃതമായി പരിഷ്കരിക്കാനാവശ്യമായ നിർദ്ദേശങ്ങൾ മോണിറ്ററിംഗ് സമിതി രൂപപ്പെടുത്തണം | ഉണ്ട് |
| 19 | മോണിറ്ററിംഗ് സമിതി മാസത്തിൽ ഒരു പ്രാവശ്യമെങ്കിലും യോഗം ചേരുകയും ഫ്രണ്ട് ഓഫീസ് അടക്കമുള്ള ഓഫീസ് പ്രവർത്തനം വിലയിരുത്തി ആവശ്യമായ ശുപാർശകൾ പഞ്ചായത്ത് സമിതിക്ക് നൽകണം | ഇല്ല |

| | | |
|---|---|---|
| 20 | പ്രതിമാസ ഓഫീസ് മീറ്റിംഗ് കൂടണം | ഉണ്ട് |
| 21 | റെക്കോർഡ് റൂം കൃത്യമായി പരിപാലിക്കണം | ഉണ്ട് |
| 22 | കേ.പ.രാ.(ഭേദഗതി) നിയമം 1999 അദ്ധ്യായം 25 സി, വകുപ്പ് 272എ(1) ബന്ധപ്പെട്ട ചട്ടങ്ങൾ എന്നിവ പ്രകാരം പൗരാവകാശ രേഖ പുറപ്പെടുവിക്കണം | ഉണ്ട് |

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 19.10.2018 | 2018-19 | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 19-12-2005 മുതൽ 31.12.2005 വരെ | 1997 -98മുതൽ 2004-05വരെ | ലഭിച്ചിട്ടില്ല |

## 1-12 വാർഷിക കണക്കുകളിലെ അപാകതകൾ

കെ.എസ്.എ.റ്റി.വി.എം.ജി.പി.2/1511/18 തീയതി 08.08.2018 പ്രകാരം അപാകതകൾ സംബന്ധിച്ച റിപ്പോർട്ട് പുറപ്പെടുവിച്ചിട്ടുണ്ട്.

# ഭാഗം-2

# വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 ബഡ്ജറ്റ്-നടപടിക്രമം പാലിച്ചിട്ടില്ല

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട്, വകുപ്പ് 214 ഉപവകുപ്പ് (1) പ്രകാരം സർക്കാർ അതത് സമയം പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങളും നിർണ്ണയിക്കപ്പെടുന്ന ചട്ടങ്ങളും വിധേയമായി വാർഷിക ബജറ്റ് രൂപീകരണത്തിനായി ഗ്രാമപഞ്ചായത്ത് സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ഇനം | നടപടിക്രമം | ഗ്രാമപഞ്ചായത്തിന്റെ നടപടിക്രമം |
|---|---|---|---|
| 1 | നോൺപ്ലാൻ വരവ് ചെലവുകളുടെ കരട് പ്രപ്പോസൽ ആവശ്യപ്പെടൽ | 2016ഡിസംബർ 15-ന് മുൻപ് | 1.2.2017 ൽ എ2-1012/17 നം ആയി ഘടകസ്ഥാപന മേധാവികൾക്ക് അറിയിപ്പ് നൽകി |

| | | | |
|---|---|---|---|
| 2 | നോൺപ്ലാൻ വരവ് ചെലവുകളുടെ കരട് പ്രപ്പോസലുകൾ ഘടകസ്ഥാപനങ്ങൾ സമർപ്പിക്കൽ | 2017ജനവരി 15-ന് മുൻപ് | ഘടകസ്ഥാപനങ്ങൾ കരട് പ്രപ്പോസലുകൾ 16.02.2017 മുതൽ സമർപ്പിച്ചു. |
| 3 | ക്രോഡീകരണത്തിനായി വിവിധ സ്റ്റാന്റിംഗ് കമ്മറ്റികൾ ചേരൽ | 2017ജനവരി 25-ന് മുൻപ് | ക്രോഡീകരണത്തിനായി വികസന കാര്യ സ്റ്റാന്റിംഗ്കമ്മിറ്റിയും, ക്ഷേമകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയും ചേർന്നിട്ടുണ്ട്. |
| 4 | ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയിൽ പ്രെപ്പോസൽ വയ്ക്കൽ, ക്രോഡീകരണം | 2017ഫെബ്രുവരി 1-ന് മുൻപ് | 19.01.2017,27.02.2017 എന്നീ തീയതികളിൽ ബഡ്ജറ്റ് ചർച്ച നടത്തുകയും പ്രോപ്പോസൽ ക്രോഡീകരണം നടത്തുകയും ചെയ്തിട്ടുണ്ട്. |
| 5 | ബജറ്റ് വർഷത്തേക്കുള്ള വാർഷിക പദ്ധതി അംഗീകാരം | 2017ഫെബ്രുവരി 28-ന് മുൻപ് | 26.05.2017-ലാണ്. |
| 6 | ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി കരട് ബജറ്റ് നിർമ്മാണം/ അംഗീകരിക്കൽ | 2017മാർച്ച് 1-ന് മുൻപ് | 18.03.2017 |
| 7 | കരട് ബജറ്റ് ചർച്ച ചെയ്യുന്നതിനായി പ്രത്യേക പഞ്ചായത്ത് കമ്മറ്റി ചേരൽ | 2017മാർച്ച് 7-ന് മുൻപ് | ഇല്ല |
| 8 | അന്തിമ ബജറ്റ് അംഗീകാരത്തിനായി പ്രത്യേക പഞ്ചായത്ത് കമ്മറ്റി ചേരൽ | 2017മാർച്ച് 31-ന് മുൻപ് | 23.03.2017 |

ബജറ്റ് തയ്യാറാക്കുന്നതിനാവശ്യമായ ശുപാർശകൾ ലഭ്യമാക്കുവാൻ ഗ്രാമപഞ്ചായത്ത് വിവിധ ഘടകസ്ഥാപനങ്ങളോട് സമയബന്ധിതമായി ആവശ്യപ്പെട്ടിട്ടില്ല.10.02.2017 ലാണ് കത്ത് നൽകിയിരിക്കുന്നത്. കരട് പ്രപ്പോസലുകൾ ക്രോഡീകരണത്തിനായി എല്ലാ സ്റ്റാന്റിംഗ് കമ്മറ്റികളും ചേർന്നിട്ടില്ല. എല്ലാ സ്റ്റാന്റിംഗ് കമ്മറ്റികളെയും ഉൾക്കൊള്ളിച്ചുകൊണ്ട് ബഡ്ജറ്റ് തയ്യാറാക്കുന്നതിലേക്ക് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പ്രത്യേക ശ്രദ്ധക്ഷണിക്കുന്നു.

ബജറ്റ് തയ്യാറാക്കുന്നതിനാവശ്യമായ ശുപാർശകൾ ലഭ്യമാക്കുവാൻ ഗ്രാമപഞ്ചായത്ത് വിവിധ ഘടകസ്ഥാപനങ്ങളോട് ആവശ്യപ്പെടുകയുണ്ടായി. എന്നാൽ ലഭ്യമാക്കിയ രേഖകൾ പ്രകാരം മെഡിക്കൽഓഫീസർ (ആയുർവേദം, ഹോമിയോ), വെറ്ററിനറിസർജൻ, എന്നീ നിർവഹണോദ്യോഗസ്ഥർ മാത്രമാണ് ബജറ്റ് ശുപാർശ സമർപ്പിച്ചിട്ടുള്ളത്. എല്ലാ ഘടകസ്ഥാപനങ്ങളുടെയും ആവശ്യകതാ നിർണ്ണയം കൃത്യമായി നടത്താതെയാണ് ബജറ്റ്

തയ്യാറാക്കിയത്.

## 2-2 വസ്തു നികുതി-തുക ഈടാക്കിയതിൽ കുറവ്

*i)കുറഞ്ഞ നിരക്കിൽ വസ്തു നികുതി ഈടാക്കിയിരിക്കുന്നു.*

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റ് 203-ാം വകുപ്പ്(2),(3)എന്നിവ പ്രകാരം ഓരോ ഗ്രാമപഞ്ചായത്തും ഓരോയിനം കെട്ടിടത്തിന്റെ ഉപയോഗമനുസരിച്ച് ഒരു ചതുരശ്ര മീറ്റർ തറ വിസ്തീർണത്തിനു ബാധകമായ വസ്തു നികുതി ഈടാക്കേണ്ടതാണ്.

എന്നാൽ പഞ്ചായത്തിന്റെ അംഗീകൃത നിരക്കിനെക്കാൾ കുറഞ്ഞ നിരക്കിൽ നികുതി ഈടാക്കിയിരിക്കുന്നതായി സഞ്ചയ സോഫ്റ്റ്വയർ പരിശോധിച്ചതിൽ കണ്ടു. ടി കെട്ടിടത്തിന്റെ നികുതി നിർണ്ണയിച്ചിരിക്കുന്നത് 100 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ,റസ്റ്റോറന്റ്,ഷോപ്പ് എന്നീയിനത്തിലാണ്.

| വാർഡ്/കെട്ടിട നമ്പർ | കെട്ടിട ഉടമസ്ഥന്റെ പേര്, വിലാസം | ആകെ വിസ്തീർണ്ണം | ഏർപ്പെടുത്തിയ നികുതി (30/ ച.മി) | ഈടാക്കേണ്ടിയിരുന്ന നികുതി (60/ ച.മി) | നികുതി വ്യത്യാസം |
|---|---|---|---|---|---|
| 8/47 | സി.ശശി,<br>എസ്.യു കോട്ടേജ്,<br>ചെമ്പൂര്, ഒറ്റശേഖരമംഗലം | 110 ച.മീ | 3300/-രൂപ | 6600/-രൂപ | 3300/-രൂപ- |

*ii) മൊബൈൽ ടവറുകളുടെ വസ്തു നികുതി ഈടാക്കുന്നില്ല.*

പഞ്ചായത്ത് പരിധിയിൽ 11 മൊബൈൽ ടവറുകളാണുള്ളത്. സഞ്ചയ സോഫ്റ്റ്വെയറിൽ ചുവടെ ചേർക്കുന്ന മൊബൈൽ ടവറുകളുടെ വസ്തു നികുതി കുടിശ്ശികയുള്ളതായി രേഖപ്പെടുത്തിയിരിക്കുന്നു. വിശദവിവരങ്ങൾ ചുവടെചേർക്കുന്നു.

| ക്രമ നം | വാർഡ് നം/കെട്ടിട നം | മൊബൈൽ ടവറിന്റെ പേര് | വർഷം | അടവാക്കാനുള്ള തുക |
|---|---|---|---|---|
| 1 | 13/627 | വയർലെസ്,റ്റി.റ്റി.ഇൻഫോ | 2017-18 | 4704/-രൂപ |
| 2 | 11/127 | ബി.എസ്.എൻ.എൽ | 2013-14 മുതൽ 2017-18 വരെ | 21000/- രൂപ |
| 3 | 11/ | ടവർ വിഷൻ ഇന്ത്യ | 2011-12 മുതൽ 2017-18 | 41580/-രൂപ |

| | | | | |
|---|---|---|---|---|
| | | | വരെ | |
| ആകെ | | | | 67284/-രൂപ |

ഓഡിറ്റ് എൻക്വയറി നം 5 നുള്ള മറുപടിയിൽ വസ്തു നികുതി ഒടുക്കുവാൻ വയർലെസ് റ്റി.റ്റി.ഇൻഫോ, ബി.എസ്.എൻ.എൽ. എന്നീ സ്ഥാപനങ്ങൾ മാത്രമാണുള്ളത് എന്നാണ് മറുപടി നൽകിയിരിക്കുന്നത്.

വസ്തു നികുതി കുടിശ്ശിക ഈടാക്കി പഞ്ചായത്തിന്റെ നികുതി വരുമാനം വർദ്ധിപ്പിക്കുവാനുള്ള നടപടി സ്വീകരിക്കുന്നതിലേയ്ക്കായി ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു.

## 2-3 ഡി & ഒ ലൈസൻസ് അപാകങ്ങൾ

സഞ്ചയ സോഫ്റ്റ് വെയർ പ്രകാരം ഗ്രാമപഞ്ചായത്തിൽ 1210 കൊമേഴ്സ്യൽ കെട്ടിടങ്ങൾ ഉണ്ട്. എന്നാൽ ട്രേഡേഴ്സ് ലിസ്റ്റിൽ 351 സ്ഥാപനങ്ങൾ മാത്രമേ ഉൾപ്പെട്ടിട്ടുള്ളൂ. 1996 ലെ കേരള പഞ്ചായത്ത് രാജ് (ആപത്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ, ചട്ടം 10 പ്രകാരം ലൈസൻസ് പുതുക്കുന്നതിനുള്ള അപേക്ഷ ഏതൊരു വർഷവും അവസാനിക്കുന്നതിന് മുപ്പത് ദിവസം മുമ്പായി സമർപ്പിക്കേണ്ടതാണ്. ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കാത്തതിനാൽ പഞ്ചായത്തിൽ നിലവിൽ എത്ര സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ടെന്നും അവ ലൈസൻസ് യഥാസമയം പുതുക്കുന്നുണ്ടെന്നും പരിശോധിക്കാൻ സാധിച്ചിട്ടില്ല. ഗ്രാമപഞ്ചായത്തിന്റെ സ്റ്റാറ്റസ് റിപ്പോർട്ടിൽ ഇതു സംബന്ധിച്ച് യാതൊരു പരാമർശവും ഇല്ല ബജറ്റ് രൂപീകരണവേളയിൽ നിലവിലെ വരുമാനസ്രോതസ്സുകൾ ഉറപ്പാക്കുന്ന പ്രക്രിയയിൽ ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റി ഈ വിഷയം പരിശോധിച്ചതായി മിനിട്ട്സിലോ ബജറ്റ് ഫയലിലോ രേഖപ്പെടുത്തിയിട്ടില്ല.

2017 -18 സാമ്പത്തിക വർഷം ആകെ 262 സ്ഥാപനങ്ങൾക്ക് മാത്രമാണ് ഡി & ഒ ലൈസൻസ് അനുവദിച്ചിട്ടുള്ളത്. ഇത് പഞ്ചായത്തിലെ ആകെ സ്ഥാപനങ്ങളുടെ 21.62% മാത്രമാണ്. പഞ്ചായത്ത് പരിധിയിലെ മുഴുവൻ സ്ഥാപനങ്ങളെയും കൊണ്ട് ലൈസൻസ് എടുപ്പിക്കാൻ നടപടി സ്വീകരിക്കാൻ 08.08.2017,10.10.2017,08.11.2017,13.12.2017 തീയതികളിലെ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി യോഗങ്ങളിൽ തീരുമാനിച്ചിരുന്നു. എന്നാൽ ഇതിനായി തുടർനടപടികൾ സ്വീകരിച്ചിട്ടില്ല. ഡി & ഒ ലൈസൻസ് അനുവദിക്കുന്നതിൽ വീഴ്ച ഉള്ളതിനെക്കുറിച്ച് 2016 – 17 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലും പരാമർശിച്ചിരുന്നു. ഡി & ഒ ലൈസൻസ് കൂടാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ കുറ്റങ്ങൾ രാജിയാക്കൽ ചട്ടം പ്രകാരം നടപടി സ്വീകരിച്ചിട്ടില്ല.

1996 ലെ കേരള പഞ്ചായത്ത് രാജ് (ആപത്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ, പട്ടിക II പ്രകാരം ദിവസേനയുള്ള വിറ്റുവരവിന്റെ അടിസ്ഥാനത്തിലാണ് ഡി & ഒ ലൈസൻസ് ഫീസ് ഈടാക്കേണ്ടത്. എന്നാൽ ദിവസേനയുള്ള വിറ്റുവരവ് രേഖപ്പെടുത്താത്ത അപേക്ഷകളിന്മേൽ ലൈസൻസ് അനുവദിച്ചിരിക്കുന്നു. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ | അപേക്ഷകൻ | സ്ഥാപനം |
|---|---|---|

| | | |
|---|---|---|
| നം | | |
| 1 | ശ്രീ. ശ്രീരാജ് | ശ്രീരാഗം ഇലക്ട്രിക്കൽസ് |
| 2 | ശ്രീ. തങ്കപ്പൻ | പലചരക്ക് കട |
| 3 | ശ്രീ. ആർ ആൽബർട്ട് | ഹോളോബ്രിക്സ് നിർമ്മാണം |
| 4 | ശ്രീ. മിഥുൻ എ ജെ | ആർ എസ് ഫെർട്ടിലൈസേഴ്സ് |
| 5 | ശ്രീ. സ്റ്റീഫൻസൺ | റബ്ബർ വില്പന |

## 2-4 <u>പട്ടികൾക്ക് ലൈസൻസ് നല്കുന്നില്ല</u>

2017–18 സാമ്പത്തിക വർഷം ഗ്രാമപ്പഞ്ചായത്ത് 1998-ലെ കേരള പഞ്ചായത്ത് രാജ് (പന്നികൾക്കും പട്ടികൾക്കും ലൈസൻസ് നല്കൽ) ചട്ടങ്ങൾ പ്രകാരം പട്ടികൾക്ക് ലൈസൻസ് നല്കിയിട്ടില്ല. 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ പട്ടിക മൂന്ന് നമ്പർ 27പ്രകാരം പട്ടികൾക്ക് ലൈസൻസ് നല്കൽ ഗ്രാമപ്പഞ്ചായത്തിന്റെ അനിവാര്യ ചുമതലയാണ്. 2017–18 ൽ തെരുവ്നായ്ക്കളുടെ പ്രജനന നിയന്ത്രണത്തിനായി 80,000/- രൂപ ഗ്രാമപ്പഞ്ചായത്ത് ചെലവാക്കിയിട്ടുണ്ട്. എന്നാൽ അലഞ്ഞ് തിരിയുന്ന നായ്ക്കളുടെ ഉടമസ്ഥർക്കെതിരെ 1998-ലെ കേരള പഞ്ചായത്ത് രാജ് (പന്നികൾക്കും പട്ടികൾക്കും ലൈസൻസ് നല്കൽ) ചട്ടങ്ങളിലെ ചട്ടം 5 പ്രകാരം നടപടി സ്വീകരിക്കാൻ പഞ്ചായത്തിന് കഴിഞ്ഞിട്ടില്ല.

## 2-5 <u>ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ 33 % മാത്രം</u>

1999-ലെ കേരള പഞ്ചായത്ത് രാജ് ചട്ടങ്ങൾ (ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ) ചട്ടം 3 പ്രകാരം പഞ്ചായത്ത് മേഖലയിലെ ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ രജിസ്റ്റർ ചെയ്യുകയും തുടർന്ന് ചട്ടം 5 പ്രകാരം ഓരോ സാമ്പത്തിക വർഷവും ആരംഭിക്കുന്നതിന് മുമ്പ് പുതുക്കൽ ഫീസ് ഒടുക്കി രജിസ്ട്രേഷൻ പുതുക്കിയാണ് പ്രവർത്തിക്കുന്നതെന്നും ഉറപ്പ് വരുത്തേണ്ടതും അല്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ തുടർ നടപടി സ്വീകരിക്കേണ്ടതുമാണ്. ഗ്രാമപഞ്ചായത്ത് ലഭ്യമാക്കിയ വിവരങ്ങളുടെ അടിസ്ഥാനത്തിൽ ചുവടെ പറയുന്ന ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ പഞ്ചായത്ത് പരിധിയിൽ രജിസ്ട്രേഷൻ ഇല്ലാതെയോ രജിസ്ട്രേഷൻ പുതുക്കാതെയോ പ്രവർത്തിക്കുന്നു.

1. പ്രീമിയർ കോളേജ്, ചെമ്പൂര്,

2. രാജ് സ്കിൽ ഡെവലപ്പ്മെന്റ് സെന്റർ, ചെമ്പൂര്,

3. സ്വദേശാഭിമാനി കോളേജ്, ചെമ്പൂര്,

4. സഫർ കോളേജ്, മൈലച്ചൽ,

5. ടാഗോർ കോളേജ്, കീഴാറൂർ,

6. സ്വാതി കോളേജ്, കീഴാറൂർ

2016 – 2017ലെ ഓഡിറ്റ് റിപ്പോർട്ടിൽ ഇക്കാര്യം പരാമർശിച്ചിരുന്നു. പഞ്ചായത്ത് കമ്മിറ്റി ഇത് പരിഹരിക്കാൻ ആവശ്യമായ നടപടികൾ കൈക്കൊണ്ടിട്ടില്ല. ആകെയുള്ള ഒൻപത്

സ്ഥാപനങ്ങളിൽ ഒരെണ്ണം മാത്രമാണ് കൃത്യമായി ലൈസൻസ് എടുത്തിട്ടുള്ളത്. ഹരിശ്രീ ട്യൂഷൻ സെന്റർ, ഗ്ലോബൽ പി എസ് സി അക്കാഡമി എന്നീ സ്ഥാപനങ്ങൾ 2017-2018ലേക്ക് ലൈസൻസ് എടുത്തത് 31.03.2018ന് മാത്രമാണ്. ട്യൂട്ടോറിയൽ സ്ഥാപനങ്ങൾക്ക് രജിസ്ട്രേഷൻ നൽകുവാനും ആവശ്യമായ തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-6 തൊഴിൽനികുതി അടവാക്കൽ - ക്രമപരമായ നടപടികൾ സ്വീകരിച്ചിട്ടില്ല

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, 1996-ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ എന്നിവ പ്രകാരം തൊഴിൽനികുതി ഈടാക്കുന്നതിനുള്ള നടപടിക്രമം ചുവടെ ചേർക്കുന്നു.

| ക്രമനം | വകുപ്പ് | നടപടിക്രമം |
|---|---|---|
| 1 | 205(ബി) | നികുതിയ്ക്ക് വിധേയരായവരുടെ ലിസ്റ്റ് നിർദ്ദിഷ്ടസമയപരിധിയ്ക്കുള്ളിൽ സമർപ്പിക്കുവാൻ ഉടമസ്ഥനോടോ കൈവശക്കാരനോടോ സെക്രട്ടറി ആവശ്യപ്പെടേണ്ടതാണ്. |
| 2 | 205(ഇ) | സ്ഥാപനങ്ങൾ മുതലായവയുടെ പേര് നൽകുന്നതിന് ആവശ്യപ്പെടൽ. |
| 3 | 205(സി) | തൊഴിലുടമയോടോ അവരുടെ പ്രതിനിധികളോടോ ലിസ്റ്റ് സമർപ്പിക്കുവാൻ ആവശ്യപ്പെടൽ. |
| 4 | 205(എഫ്‌) | ഓരോ വർഷവും ഓഗസ്റ്റ് മാസത്തിന്റെയും ഫെബ്രുവരി മാസത്തിന്റെയും അവസാനത്തിന് മുമ്പ് ഓരോ ഓഫിസ് മേധാവിയും തൊഴിലുടമയും നികുതി അടയ്ക്കേണ്ടതായ എല്ലാ ജീവനക്കാരുടെയും നികുതി തിട്ടപ്പെടുത്തേണ്ടതും അവരിൽ നിന്നും തുക ഈടാക്കേണ്ടതുമാണ്. |
| 5 | 205(ഡി) | തൊഴിലുടമകൾ നികുതി വസൂലാക്കൽ. |

മേൽ നടപടിക്രമങ്ങൾ പാലിക്കുവാൻ ശ്രദ്ധ നൽകേണ്ടതാണ്.

## 2-7 ഇ-ടെൻഡർ ഫോറത്തിന്റെ വില /ടെന്റർ ഫീസ് ലഭ്യമാക്കിയിട്ടില്ല

ബ്ലോക്ക് പഞ്ചായത്ത് അസി.എക്സി.ഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായി 2017-18 സാമ്പത്തിക വർഷം 11പദ്ധതികൾ ഇ-ടെൻഡർ മുഖേന നടപ്പിലാക്കി. എന്നാൽ ജില്ലാപഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനിയറുടെ പേരിലുള്ള അക്കൗണ്ടിൽ ലഭ്യമായ ഫോറം വില/ടെൻഡർ ഫീസ് 28-09-2013ലെ ജി.ഒ(എം.എസ്)318/2013/ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം നാളിതുവരെ പഞ്ചായത്തിന് തിരികെ ലഭിച്ചിട്ടില്ല. 2017-18 സാമ്പത്തിക വർഷത്തിൽ ലഭ്യമാക്കേണ്ട തുകയുടെ വിശദാംശങ്ങൾ താഴെ കൊടുത്തിരിക്കുന്നു.

| ക്രമ നം | പ്രജക്ട് നം. | പ്രോജക്ടിന്റെ പേര് | ടാക്സ് ഉൾപ്പെടെയുള്ള ഇ-ടെൻഡർ ഫീസ് | ടെൻഡറുകളുടെ എണ്ണം | ആകെ തുക |
|---|---|---|---|---|---|
| 1 | 236/18 | ചെമ്പൂര് പി.എച്ച്.സി.കെട്ടിട നിർമ്മാണം | 2,500/- | 4 | 10,000/- |
| 2 | 235/18 | പഞ്ചായത്ത് വക ശ്മശാന ഭൂമിയിൽ ചുറ്റമതിൽ നിർമ്മാണവും റോഡ് പുനരുദ്ധാരണവും | 2,250/- | 4 (1 sc) | 7,875/- |
| 3 | 69/18 | പഞ്ചായത്ത് കെട്ടിടത്തിൽ ഹാൾ നിർമ്മാണം | 2,500/- | 3 | 7,500/- |
| 4 | 186/18 | മൈലച്ചലിൽ കമ്മ്യൂണിറ്റി ഹാൾ നിർമ്മാണം | 1,820/- | 3 (1 sc) | 4,550/- |
| 5 | 153/18 | മേലേ കാലായിൽ റോഡ് മെറ്റലിംഗ്,ടാറിംഗ് | 1,230/- | 2 | 2,460/- |
| 6 | 169/18 | ചിലമ്പറ കോളനി തേവരുകോണം റോഡിന് പാർശ്വഭിത്തി നിർമ്മാണം | 1,456/- | 6 | 8,736/- |
| 7 | 179/18 | ചിലമ്പറ തേവരുകോണം റോഡ് മെറ്റലിംഗും ടാറിംഗും | 2,130/- | 2 | 4,260/- |
| 8 | 177/18 | കരിക്കംതലയ്ക്കൽ-മൈലച്ചൽ ബണ്ട് റോഡ് റാമ്പ് നിർമ്മാണം | 1,140/- | 4 | 4,560/- |
| 9 | 178/18 | കൃഷി ഭവൻ ഹാൾ നിർമ്മാണം | 1,338/- | 3 | 4,014/- |

| | | | | | |
|---|---|---|---|---|---|
| 10 | 180/18 | പഞ്ചായത്തിലെ വിവിധ സ്ഥാപനങ്ങളിൽ ടോയ് ലറ്റ് നിർമ്മാണം | 1,570/- | 1 | 1,570/- |
| 11 | 213/18 | എയ്റോബിക് യൂണിറ്റ് | 1,350/- | 2 (1 sc) | 2,025/- |
| | | ആകെ | | | 57,550/- |

തുക തിരികെ ലഭ്യമാക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-8 വർക്കേഴ്സ് വെൽഫയർ ഫണ്ടായി ഈടാക്കിയ തുകയ്ക്ക് കളക്ഷൻ ചാർജ് ഈടാക്കിയില്ല

1996-ലെ കേരള ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫയർ നിയമത്തിലെ വകുപ്പ് 3(3) പ്രകാരം കേരള കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫയർ ഫണ്ടിനായി പിരിക്കുന്ന തുകയുടെ ഒരു ശതമാനം പിരിച്ചെടുക്കുന്ന അതോറിറ്റിയുടെ കളക്ഷൻ ചാർജ്ജായി തനത് ഫണ്ടിലേക്ക് മുതൽ കൂട്ടാവുന്നതാണ്. എന്നാൽ പഞ്ചായത്ത് നാളിതുവരെ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫയർ ഫണ്ടിനായി പിരിക്കുന്ന തുകയുടെ ഒരു ശതമാനം കളക്ഷൻ ചാർജ്ജായി തനത് ഫണ്ടിലേക്ക് മുതൽ കൂട്ടിയിട്ടില്ല. 2017-18സാമ്പത്തിക വർഷം നടത്തിയ വിവിധ മരാമത്ത് പ്രവൃത്തികളിൽ നിന്ന് വെൽഫയർ ഫണ്ടിനത്തിൽ ഈടാക്കി ഒടുക്ക് വരുത്തിയ 2,08,285/- രൂപക്ക് കളക്ഷൻ ചാർജ് ഈടാക്കാത്തത് കാരണം പഞ്ചായത്തിന് 2,083/- രൂപയുടെ നഷ്ടംമുണ്ടായി. വെൽഫയർ ഫണ്ടിനത്തിൽ ഈടാക്കുന്ന തുകയുടെ ഒരു ശതമാനം കളക്ഷൻ ചാർജ്ജായി ഈടാക്കേണ്ടതാണ്. .

## 2-9 മരാമത്ത് പ്രവൃത്തികളിൽ കരാർ ചമയ്ക്കാൻ കാലതാമസം നിയമാനുസൃത പിഴ ഈടാക്കിയില്ല.

കേരളാ പൊതുമരാമത്ത് വകുപ്പ് മാന്വൽ 2012 സെക്ഷൻ 2009.6

പ്രകാരം സെലക്ഷൻ നോട്ടീസ് അയച്ച് 14 ദിവസത്തിനകം കരാറുകാരൻ തദ്ദേശ സ്ഥാപനവുമായി കരാർ ചമയ്ക്കേണ്ടതാണ്. 14 ദിവസത്തിനു ശേഷം 10 ദിവസത്തിനകം കരാർ ചമച്ചാൽ PAC യുടെ 1% പിഴ ഈടാക്കണം (മിനിമം 1000/-, മാക്സിമം 25,000/-). എന്നാൽ കരാർ ചമയ്ക്കാൻ കാലതാമസം ഉണ്ടായ പ്രവൃത്തികളിൽ നിന്നും ഗ്രാമ പഞ്ചായത്ത് പിഴ ഈടാക്കിയതായി കാണുന്നില്ല.ആയതിനാൽ ഈയിനത്തിൽ വരവ് നഷ്ടം സംഭവിച്ചിട്ടുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രവൃത്തിയുടെ പേര് പദ്ധതി നം, അടങ്കൽ | കരാറുകാരൻ | PAC | സെലക്ഷൻ നോട്ടീസ് അയച്ച തീയതി | കരാർ ചമയ്ച്ച തീയതി | ഈടാക്കേണ്ടിയിരുന്ന പിഴ |
|---|---|---|---|---|---|---|
| 1. | ചിലമ്പറ അയന്തിക്കോണം റോഡ് ഓട നിർമ്മാണം | റ്റി.സെൽവരാജ് | 361964/- | 2/9/2017 | 22/09/17 | 3620/- |

| | | | | | | |
|---|---|---|---|---|---|---|
| | 174/2018<br>362000/- | | | | | |
| 2. | മരുതംകോട്-മടത്തുവിള ക്ഷേത്രം റോഡ് ഓട നിർമ്മാണം.<br>150/2018<br>295000/- | വിനോദ് | 295000/- | 2/9/2017 | 16/09/17 | 2950 |
| 3. | കാവല്ലൂർ പട്ടംചിറ പാർശ്വഭിത്തി നിർമ്മാണം<br>164/2018<br>100000/- | കൃഷ്ണൻ കുട്ടി | 99000/- | 2/9/17 | 20/9/17 | 1000/- |
| 4. | നീർമ്മാലി റോഡ് കോൺക്രീറ്റിംഗ്, സൈഡ് വാൾ.<br>162/18<br>437500/- | കൃഷ്ണൻ കുട്ടി | 437063/- | 2/9/17 | 16/09/17 | 4371/- |
| 5. | കുറ്റിയാനിക്കാട് മുഴങ്ങിൽ ബണ്ട് റോഡ് പാർശ്വ ഭിത്തി നിർമ്മാണം.<br>157/18<br>437500/- | സുരേഷ് കുമാർ | 435313/- | 2/9/17 | 28/09/17 | 4353/- |
| 6. | ആനാവോട് ചേമ്പിലക്കുഴി നടപ്പാത കോൺക്രീറ്റിംഗ്.<br>202/18.<br>67000/- | അശോകൻ | 67000/- | 2/9/17 | 19/09/17 | 1000/- |
| 7. | മൈലച്ചൽ NMR നടപ്പാത കോൺക്രീറ്റിംഗ്.<br>171/18.<br>250000/- | സുന്ദരേശൻ | 249975/- | 2/9/17 | 20/09/17 | 2500/- |

| | | | | | | |
|---|---|---|---|---|---|---|
| | ആകെ | | | | | 19794/- |

മേൽ സൂചിപ്പിച്ച എല്ലാ പ്രവൃത്തികൾക്കും 15/09/17 ന് മുമ്പായി കരാർ ചമയ്ക്കണമെന്ന് സെലക്ഷൻ നോട്ടീസിൽ വ്യക്തമായി പരാമർശിച്ചിട്ടുണ്ട്.

എന്നാൽ നിയമാനുസൃത പിഴ ഈടാക്കാത്തതിനാൽ പഞ്ചായത്ത് ഫണ്ടിന് 19,794/-രൂപയുടെ നഷ്ടം സംഭവിച്ചിട്ടുണ്ട്. ടി വിവരം ഓഡിറ്റ് എൻക്വയറി നം.23/2018തീ 27/10/2018 പ്രകാരം നിർവഹണ ഉദ്യോഗസ്ഥനെ അറിയിച്ചിട്ടും മറുപടി ലഭ്യമാക്കിയില്ല.

## 2-10 വസ്തു നികുതി-സഞ്ചയ -സാംഖ്യ തുകകൾ പൊരുത്തപ്പെടുന്നില്ല

പഞ്ചായത്തിന്റെ വസ്തു നികുതി സംബന്ധിച്ച പരിശോധനയിൽ സഞ്ചയ സോഫ്റ്റ്‌വെയറിലെ തുകകളും വാർഷിക ധനകാര്യപത്രികയിലെ തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| Item | | Demand (I-1) | Collection(RP43) | Balance(B-15) |
|---|---|---|---|---|
| Residential building (Arrear) | AFS | 326605 | 620975 | 30125 |
| | Sanchaya | 522835 | 531610 | 17736 |
| Residential building (Current) | AFS | 1251222 | 1125684 | 131815 |
| | Sanchaya | 1032745 | 961654 | 28691 |
| Non-Residential building (Arrear) | AFS | 1032234 | 372457 | 161496 |
| | Sanchaya | 526263 | 474557 | 63604 |
| Non-Residential building (Current) | AFS | 691302 | 432055 | 272209 |
| | Sanchaya | 658843 | 595000 | 26636 |

സഞ്ചയ-സാംഖ്യ പൊരുത്തപ്പെടുത്തലുകൾ അടിയന്തിരമായി നടത്തി യഥാർഥ ഡിമാന്റും വരവും കണക്കാക്കി ഈടാക്കേണ്ടതാണ്. ഈ വിഷയത്തിലേയ്ക്ക് ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയുടെ അടിയന്തിര ശ്രദ്ധക്ഷണിക്കുന്നു.

## 2-11 പെർമിറ്റ് അനുവദിക്കുന്നതിൽ കാലതാമസം

2011-ലെ കേരള പഞ്ചായത്ത് രാജ് കെട്ടിട നിർമ്മാണ ചട്ടം 15 പ്രകാരം കെട്ടിട നിർമ്മാണം നടത്തുന്നതിനു അനുമതിക്കായുള്ള അപേക്ഷ ലഭിച്ച് 30 ദിവസത്തിനുള്ളിൽ സെക്രട്ടറി അനുമതി നൽകുകയോ നിരസിക്കുകയോ ചെയ്യേണ്ടതാണ്. എന്നാൽ പഞ്ചായത്തിന്റെ പെർമിറ്റ് ഫയൽ പരിശോധനയിൽ അപ്രകാരമല്ല അനുമതി നൽകിയിരിക്കുന്നത്.വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം | അപേക്ഷ ലഭിച്ച നം/തീയതി | പെർമിറ്റ് നൽകിയ നം/തീയതി |
|---|---|---|
| 1 | A2-2332/17 / 04.04.2017 | A2-2332/17 11.05.2017 |
| 2 | A2-3276/17 /29.05.2017 | A2-3276/17 07.07.2017 |
| 3 | A2-6860/17 /06.11.2017 | A2-6860/17 01.01.2018 |
| 4 | A2- 7271/17 /27.11.2017 | A2- 7271/17 04.01.2018 |
| 5 | A2- 7357/17 /29.11.2017 | A2- 7357/17 15.02.2018 |
| 6 | A2- 7382/17 /30.11.2017 | A2- 7382/17 06.01.2018 |
| 7 | A2-7831/17 /21.12.2017 | A2-7831/17 11.02.2018 |
| 8 | A3-1073/ 20.02.2018 | A3.BA(67096)/18 05.04.2018 |
| 9 | 1331/18 01.03.2018 | A3/1331/18 20.04.2018 |

ഇത സംബന്ധിച്ച് ഓഡിറ്റ് അന്വേഷണക്കുറിപ്പിന മറുപടിയായി അപേക്ഷകർ രേഖകളും സൈറ്റ് വെരിഫിക്കഷൻ റിപ്പോർട്ടും ലഭ്യമാകാൻ വൈകിയതിനാലാണ് ഇപ്രകാരം സംഭവിച്ചതെന്ന് അറിയിച്ചിട്ടുണ്ട്. ഭാവിയിൽ അപേക്ഷകൾ സമയപ്രകാരം ലഭ്യമാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 ബജറ്റിൽ വകയിരുത്തിയതിനെക്കാൾ കൂടുതൽ തുക ചെലവഴിച്ചിരിക്കുന്നു

പഞ്ചായത്ത് രാജ് നിയമത്തിലെ 214-ാം വകുപ്പിൽ നിഷ്കർഷിച്ചിരിക്കുന്ന നടപടിക്രമങ്ങൾ പൂർണമായും പാലിക്കാതെ ബജറ്റ് തയ്യാറാക്കിയതിനാൽ ബജറ്റിൽ വകയിരുത്തിയതിനെക്കാൾ

കൂടുതൽ തുക ചെലവഴിക്കേണ്ടി വന്നു. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ഇനം | ഹെഡ് ഓഫ് അക്കൌണ്ട്. | ബജറ്റ് പ്രകാരമുള്ള തുക | എ.എഫ്.എസ്. പ്രകാരമുള്ള തുക |
|---|---|---|---|---|
| 1 | റിപ്പയർ&മെയിന്റനൻസ്-വാഹനം | 230500902 | 9,450/- | 59,727/- |
| 2 | റിപ്പയർ&മെയിന്റനൻസ്-തെരുവ് വിളക്ക് | 230500704 | 12,500/- | 40,000/- |
| 3 | കൃഷിയും അനുബന്ധ വിളകളും-മറ്റു വിളകൾ-പൊതുവിഭാഗം | 250100201 | 10,000/- | 6,18,405/- |
| 4 | കൃഷിയും അനുബന്ധ വിളകളും-ക്ഷീര വികസനം | 250100501 | 1,00,000/- | 36,01,537/- |
| 5 | മൃഗസംരക്ഷണം-ആട് -പൊതുവിഭാഗം | 250103201 | 8,00,000/- | 16,40,000/- |
| 6 | സാക്ഷരത തുല്യത പരീക്ഷ | 251011501 | 25,000/- | 70,000/- |
| 7 | ഭവനം-പൊതുവിഭാഗം | 251300101 | 20,00,000/- | 25,40,000/- |
| 8 | കൈമാറിക്കിട്ടിയ സ്ഥാപനങ്ങൾക്ക് മെയിന്റനൻസ്-നോൺ റോഡ് 1. അലോപ്പതി | 255200603 | 5,00,000/- | 9,50,000/- |
| | 2.ആയുർവേദം | 255200703 | 2,00,000/- | 9,00,000/- |
| | 3. ഹോമിയോ | 255200803 | 1,00,000/- | 2,50,000/- |
| 9 | ഐ.കെ.എം.സ്റ്റാഫിന്റെ വേതനം | 253101201 | 5,000/- | 8,507/- |

ബഡ്ജറ്റിൽ വകയിരുത്താത്ത ഇനങ്ങൾക്ക് ചെലവ് ചെയ്തിരിക്കുന്നു

| ഇനം | ഹെഡ് ഓഫ് അക്കൌണ്ട്. | എ.എഫ്.എസ് പ്രകാരമുള്ള ചെലവ് |
|---|---|---|
| കൃഷിയും അനുബന്ധ വിളകളും- മൃഗസംരക്ഷണം | 250100401 | 2,50,000/- |
| ബയോഗ്യാസ് പ്ലാന്റ് | 250500501 | 35,000/- |
| പൊതുജനാരോഗ്യം | 251200201 | 8,00,000/- |
| ശുചീകരണം | 251202601 | 30,960/- |

എല്ലാ വർഷവും ജനുവരി 15-ാം തീയതിക്ക് മുമ്പായി പഞ്ചായത്ത് സെക്രട്ടറിയും അതാതു വിഷയങ്ങളുമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥരും നൽകുന്ന കണക്കുകളുടെയും ശുപാർശകളുടെയും അടിസ്ഥാനത്തിൽ വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികൾ തയ്യാറാക്കുന്ന വകസന രേഖകൾ കണക്കിലെടുത്ത് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഭാവിയിൽ ബഡ്ജറ്റ് തയ്യാറാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്. അപ്രകാരം ചെയ്യുകയാണെങ്കിൽ ബഡ്ജറ്റിൽ അതികരിക്കാത്ത ചെലവുകളും ഉൾപ്പെടാത്ത ചെലവുകളും ഉണ്ടാകുന്നത് ഒരു പരിധിവരെ നിയന്ത്രണ വിധേയമാക്കാവുന്നതാണ്.

ഈ വിഷയം ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയുടെ അടിയന്തിര ശ്രദ്ധയിൽപ്പെടുത്തുന്നു.

## 3-2 തെരുവ് വിളക്ക് പരിപാലനം-അപാകതകൾ

പ്രോജക്ട് നം ടഠ.154/16-17

ബിൽ നം. 36/11.1.18

അടങ്കൽ -5,19,000/ ധനകാര്യകമ്മീഷൻ

ഗ്രാമപഞ്ചായത്തുകളിൽ സാധനസാമഗ്രികൾ വാങ്ങുന്നതിന് ജി.ഒ(പി)3/2013 /എ.സി.പി.ഡി.21.6.2013 എന്ന സർക്കാർ ഉത്തരവ് പാലിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. മേൽ ഉത്തരവ് ഖണ്ഡിക 6.1 പ്രകാരം കഴിഞ്ഞ 3മുതൽ 5 വർഷങ്ങളിലെ ഉപയോഗം മുൻനിർത്തി ഓരോ വർഷവും ആവശ്യമായ സാധനങ്ങളുടെ പട്ടിക വർഷാരംഭത്തിന് മുൻപ് തയ്യാറാക്കി, ആവശ്യമായ തുക ബജറ്റിൽ വകയിരുത്തി വിലക്കുറവുള്ള സീസണിൽ സാധനങ്ങൾ വാങ്ങാൻ ശ്രദ്ധിക്കേണ്ടതാണ്. പ്രസ്തുത നിർദ്ദേശം പാലിക്കാതെ 2017-18 സാമ്പത്തികവർഷത്തിൽ തെരുവ് വിളക്കുകളുടെ പരിപാലനവുമായി ബന്ധപ്പെട്ട് ഗ്രാമ പഞ്ചായത്ത് 300 തെരുവു വിളക്കുകൾ സ്ഥാപിക്കുന്നതിനായി 2,38,500/-രൂപയ്ക്ക് എൽ.ഇ.ഡി ബൾബുകൾ വാങ്ങിയിട്ടുണ്ട്. ഈ പ്രോജക്ട് നിർവഹണവുമായി താഴെ പറയുന്ന അപാകതകൾ ചുവടെ ചേർക്കുന്നു.

1)തെരുവു വിളക്ക് രജിസ്റ്റർ പരിപാലിച്ചിട്ടില്ലാത്തതിനാൽ പഞ്ചായത്തിന്റെ അധീനതയിലുള്ളള പോസ്റ്റുകളുടെ എണ്ണം, ആവശ്യമായ ബൾബുകളുടെ എണ്ണം എന്നിവയുടെ കൃത്യത ഓഡിറ്റിന് ബോധ്യമായിട്ടില്ല.

2)പ്രോജക്ടിനായി വാങ്ങിയ ബൾബുകൾ സ്റ്റോക്കിലെടുത്തിട്ടില്ല.

3) കെ.എസ്. ഇ .ബി യുടെ ഇൻസ്റ്റലേഷൻ പൂർത്തികരിച്ച റിപ്പോർട്ട് ലഭ്യമല്ല.

4) കെ എസ്.ഇ.ബി.യും പഞ്ചായത്തിന്റെയും സംയുക്ത പരിശോധന നടത്തിയിട്ടില്ല.

5)മീറ്ററിംഗ് സംവിധാനം നിലവിലുണ്ടെങ്കിലും മീറ്ററടിസ്ഥാനത്തിലല്ല ബിൽ വരുന്നത്.

6)ഉപയോഗ്യ ശൂന്യമായ ബൾബുകളും ഹോൾഡറുകളും മറ്റും കൂട്ടിയിട്ടിരിക്കുന്നതല്ലാതെ വാല്യുവേഷൻ നടത്തി പഞ്ചായത്ത് ഫണ്ടിൽ മുതൽ കൂട്ടിയിട്ടില്ല.

പഞ്ചായത്തിലെ സാമ്പത്തിക ചെലവുകളുടെ മേൽനോട്ടച്ചുമതലയുള്ള ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി തെരുവ് വിളക്കുകളുടെ വൈദ്യുതിചാർജ് സംബന്ധിച്ച അവലോകനം നടത്തുകയോ നിർദ്ദേശങ്ങൾ നൽകുകയോ ചെയ്തിട്ടില്ല. വികസനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ യാതൊരുവിധ മോണിട്ടറിംഗും പദ്ധതിയുടെ നടത്തിപ്പിൻെറ ഒരു ഘട്ടത്തിലും നടന്നിട്ടില്ല.

## 3-3 എസ്.എൽ.ഐ പ്രീമിയം അടവാക്കിയതിൽ കുറവ്

ചുവടെ ചേർക്കുന്ന ജീവനക്കാരിൽ നിന്നും 2017-18 സാമ്പത്തിക വർഷത്തിൽ എസ്.എൽ.ഐ പ്രീമിയം തുക ഈടാക്കിയതിൽ കുറവ്.വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം | പേര്/ഉദ്യോഗപ്പേര് | ശമ്പളതോത് | ഈടാക്കിയ തുക | ഈടാക്കേണ്ട തുക |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 1 | ശ്രീ. ഷൈജു.വി.എസ്.<br>സീനിയർ ക്ലാർക്ക് | 25200-54000 | 200/- | 300/- |
| 2. | ശ്രീ.ബിനു കുമാർ<br>ക്ലാർക്ക് | 19000-43600 | 220/- | 300/ |

അടിസ്ഥാന ശമ്പളത്തിന്റെ അടിസ്ഥാനത്തിൽ നിർണ്ണയിക്കപ്പെട്ട എസ്.എൽ.ഐ പ്രീമിയം തുക ഈടാക്കി ഒടുക്ക് വരുത്തേണ്ടതാണ്.

## 3-4 എസ്.എൽ.ഐ പ്രീമിയം അംഗത്വം എടുത്തിട്ടില്ല

21.02.1998-ലെ ധനകാര്യ വകുപ്പിന്റെ 13/98/ഫിൻ നം സർക്കുലർ പ്രകാരം 07.05.1997മുതൽ സർക്കാർ സേവനത്തിൽ പ്രവേശിക്കുന്ന എല്ലാ ജീവനക്കാരും എസ്.എൽ.ഐ സ്കീമിൽ നിർബന്ധമായും ചേരേണ്ടതാണ്. എന്നാൽ പഞ്ചായത്തിലെ ക്ലാർക്കായ ശ്രീ.ബിനു ആശാരി 25.09.2013- സേവനത്തിൽ പ്രവേശിച്ചുവെങ്കിലും നാളിതുവരെ എസ്.എൽ.ഐ. അംഗത്വം എടുത്തിട്ടില്ല.

എസ്.എൽ.ഐയിൽ അടിയന്തിരമായി അംഗത്വം എടുക്കുവാനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 3-5 തൊഴിലുറപ്പ് പദ്ധതി

ഏറ്റെടുത്ത പ്രവൃത്തികൾ

തോട് പുനരുദ്ധാരണം - 32

കിണർ നിർമ്മാണം - 58

കക്കൂസ് നിർമ്മാണം - 34

കുളം നിർമ്മാണം - 5

കുളം പുനരുദ്ധാരണം - 15

ഐ.എ.വൈ ഭവന നിർമ്മാണം - 16

ഭൂവികസനം - 126

കനാൽ - 13

മെറ്റീരിയൽ വർക്ക് - 2

ആകെ 301

അവിദഗ്ധമേഖലയിൽ തൊഴിൽ ഉറപ്പ് വരുത്തിക്കൊണ്ട് ഗ്രാമീണ കുടുംബങ്ങളുടെ ഉപജീവനവും സുരക്ഷിതത്ത്വവും ഉറപ്പ് വരുത്തുക, സ്ഥായിയായ ആസ്തികൾ സൃഷ്ടിക്കുക എന്നിവയാണ് തൊഴിലുറപ്പ് പദ്ധതിയുടെ ആത്യന്തിക ലക്ഷ്യം. എന്നാൽ തൊഴിൽ കാർഡ് നേടിയ 3292കുടുംബങ്ങളിൽ 183കുടുംബങ്ങൾക്ക് മാത്രമാണ് 100 ദിനം തൊഴിൽ പൂർത്തിയാക്കാൻ കഴിഞ്ഞിട്ടുള്ളത്. 301പദ്ധതികൾ നടപ്പിലാക്കി 3292കുടുംബങ്ങൾക്കായി 185799തൊഴിൽ ദിനങ്ങൾ

നൽകിയിട്ടുള്ളത്. വരും വർഷങ്ങളിൽ തൊഴിൽ കാർഡ് നേടിയ മുഴുവൻ പേർക്കും പരമാവധി തൊഴിൽ ദിനങ്ങൾ ഉറപ്പ് വരുത്തുവാൻ അധികൃതർ ശ്രദ്ധിക്കേണ്ടതാണ്.

ആസ്തി സൃഷ്ടിക്കുന്ന പ്രവൃത്തികൾ കുറവ്

ജി.ഒ(ആർ.ടി)334/12/ത.സ്വ.ഭ.വ, തിയതി.02-02-2012പ്രകാരം നടപ്പിലാക്കുന്ന ആകെ പ്രവൃത്തികളുടെ 10%തുക വിനിയോഗിച്ച് ഗ്രാമങ്ങളെ തമ്മിൽ ബന്ധിപ്പിക്കുന്ന റോഡുകൾ, ഒരു ഗ്രാമത്തിലെ ആവാസ കേന്ദ്രങ്ങളിലൂടെയുള്ള റോഡുകൾ എന്നിവ ഏറ്റെടുക്കേണ്ടതാണ്. എന്നാൽ ഇപ്രകാരമുള്ള ആസ്തികൾ സൃഷ്ടിക്കുന്ന യാതൊരു പ്രവൃത്തിയും ഗ്രാമപഞ്ചായത്ത് നിർവ്വഹിച്ചിട്ടില്ല. ആയത് പദ്ധതി നിർവ്വഹണത്തിലെ വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു. ഭാവിയിൽ ആസ്തികൾ സൃഷ്ടിക്കുന്ന പ്രവൃത്തികൾക്കും പ്രാധാന്യം നൽകി പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതാണ്.

## 3-6 പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമല്ല - ചെലവ് തുക തടസ്സപ്പെടുത്തുന്നു - 20,33,172/-

| പ്രോജക്റ്റ് നം./പേര് | അടങ്കൽ തുക | ചെലവ് തുക | ബിൽ നം./തീയതി | നിർവ്വഹണ ഉദ്യോഗസ്ഥൻ | വിനിയോഗ സാക്ഷ്യപത്രം ലഭിക്കേണ്ടത് |
|---|---|---|---|---|---|
| 127/17-18 പുതിയ പോസ്റ്റിടൽ | 181560 | 176691 | 26/31.10.2017 97,756/- 41/31.01.2018 78,935/- | സെക്രട്ടറി | KSEB ആര്യങ്കോട് |
| 114/17-18 പൈപ്പ് ലൈൻ നീട്ടൽ | 1856481 | 1856481 | 143/15.11.17 71,019/- 130/31.10.17 17,76,481/- ചെക്ക് നം.877176/22.11.2017 8,981/- | സെക്രട്ടറി | KWA നെയ്യാറ്റിൻകര |

പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാക്കി ഖണ്ഡികയിലെ പരാമർശം ഒഴിവാക്കാവുന്നതാണ്.

## 3-7 മണ്ണാംകോണം ഗ്രാമകേന്ദ്രം അറ്റകുറ്റപണികൾ- (പദ്ധതി 54/18) -ഗുണഭോക്തൃ സമിതി വരവ് ചെലവ് രേഖകൾ ഹാജരാക്കിയിട്ടില്ല. തടസ്സം 3,39,292/-

സർക്കുലർ നം1/1559/2010/സി.ഇ/ത.സ്വ.ഭ.വ/തീയതി 13.11.2014പ്രകാരം ഗുണഭോക്തൃ സമിതിനിർവഹണം നടത്തുന്ന പദ്ധതികൾക്ക് നല്കേണ്ട തുക സമിതിക്ക് യഥാർത്ഥത്തിൽ ചെലവായ തുകയോ കരാർ പ്രകാരമുള്ള ബിൽ തുകയോ ഇതിൽ ഏതാണോ കുറവ് അതായിരിക്കും

എന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ഗുണഭോക്തൃ സമിതി നിർവഹണം നടത്തിയ മണ്ണാംകോണം ഗ്രാമകേന്ദ്രം അറ്റകുറ്റപണികൾ മരാമത്ത് പദ്ധതിക്ക് സമിതി വരവ് ചെലവ് രേഖകൾ,തൊഴിലാളികളെ നിയോഗിച്ചതിന്റെ മസ്റ്റർ റോൾ,മെറ്റീരിയൽസ് വാങ്ങിയതിന്റെ ബിൽ വൌച്ചറുകൾ എന്നിവ ഹാജരാക്കിയില്ല. മാത്രമല്ല ചെലവ് രേഖകൾ ഗുണഭോക്തൃ സമിതി അംഗീകരിച്ചിട്ടില്ല. ജി.ഒ.(എം.എസ്)10/2017തീയതി.09.01.17 ൽ ഒരു തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ പദ്ധതി രൂപീകരണത്തിലും നിർവഹണത്തിലും മോണിറ്ററിംഗിലും വർക്കിംഗ് ഗ്രൂപ്പുകൾ ചെലുത്തേണ്ട ചുമതലകളെപ്പറ്റി വിശദീകരിക്കുന്നുണ്ട്. എന്നാൽ പ്രവൃത്തിയുടെ ചെലവിന്റെ ആധികാരികത പരിശോധിക്കുവാനോ മോണിറ്ററിംഗ് നടത്തുവാനോ പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പിന് കഴിഞ്ഞിട്ടില്ല.

പദ്ധതി- (54/18)

അടങ്കൽ-375000/-

കൺവീനർ-ശ്രീമതി ബേബി പുഷ്പം

എം ബുക്ക് നം 03/17-18

ബിൽ നം-18/93/17-18 തീ 23/09/2018, തുക – 3,39,292/-

മേൽ സൂചിപ്പിച്ച അപാകതകൾ ഓഡിറ്റ് എൻക്വയറി നം 27 തീയതി 29/10/18 പ്രകാരം നിർവഹണ ഉദ്യോഗസ്ഥനെ ബോധ്യപ്പെടുത്തിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. പദ്ധതിയുടെ മുഴുവൻ ചെലവ് രേഖകളും ഹാജരാക്കുന്നതുവരെ ചെലവു ചെയ്ത തുക 3,39,292/-രൂപാ ഓഡിറ്റ് തടസ്സം ചെയ്യുന്നു.

## 3-8 റോഡ് പ്രവൃത്തികൾ റോഡ് കണക്റ്റിവിറ്റി മാപ്പ് തയ്യാറാക്കാതെ നിർവഹിക്കുന്നു.

അസി.എഞ്ചിനീയർ നിർവഹണം നടത്തിയ 121 പദ്ധതികളിൽ 50% അധികം പദ്ധതികളും റോഡ് പ്രവൃത്തികളാണ്.എന്നാൽ റോഡ് കണക്റ്റിവിറ്റി മാപ്പ് തയ്യാറാക്കാതെയാണ് ടാറിംഗ്,കോൺക്രീറ്റിംഗ് എന്നീ പ്രവൃത്തികൾ ഏറ്റെടുത്തിരിക്കുന്നത്.റോഡ് കണക്റ്റിവിറ്റി മാപ്പ് തയ്യാറാക്കാത്തത് സംബന്ധിച്ച് ഓഡിറ്റ് എൻക്വയറിയിലൂടെ (ഓഡിറ്റ് എൻക്വയറി നം 11/2018 തീ.24/10/2018) വിശദീകരണം ആവശ്യപ്പെട്ടിരുന്നു. ലഭ്യമാക്കിയ മറുപടി തൃപ്തികരമല്ല. റോഡ് കണക്റ്റിവിറ്റി മാപ്പ് തയ്യാറാക്കാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതും റോഡ് വികസനം റോഡ് കണക്റ്റിവിറ്റി മാപ്പിന്റെ അടിസ്ഥാനത്തിൽ നിർവഹിക്കേണ്ടതുമാണ്.

## 3-9 നടപ്പിലാക്കാൻ തീരുമാനിച്ച സ്പിൽ ഓവർ പ്രോജക്റ്റുകൾ നടപ്പിലാക്കുന്നില്ല.

ജി.ഓ.(എം.എസ്) നം72/2017ത.സ്വ.ഭ.വ. തീയതി 29/03/2017 പ്രകാരം സ്പിൽ ഓവറായി മാറുന്ന പദ്ധതികൾ നിർബന്ധമായും അതേ വർഷം തന്നെ പൂർത്തിയാക്കണം എന്ന് നിഷ്കർഷിക്കുന്നുണ്ട്.28/04/2017 ലെ ജനറൽ കമ്മിറ്റി തീരുമാന പ്രകാരം അസി.എഞ്ചിനീയർ നിർവഹണം നടത്തുന്നതിനായി ഏറ്റെടുത്ത ചുവടെ പറയുന്ന സ്പിൽ ഓവർ പദ്ധതികൾ തൻവർഷം നടപ്പിലാക്കിയിട്ടില്ല.

1.ആര്യങ്കോട് ഗ്രാമപഞ്ചായത്ത് കമ്മ്യൂണിറ്റി ഹാൾ നിർമ്മാണം

2.വേക്കോട്ടക്കോണം അംഗനവാടി കെട്ടിട നിർമ്മാണം

3.നീരാലിക്കോണം അംഗനവാടി കെട്ടിട നിർമ്മാണം

4.പുളിങ്കുടി ചിലവൂർ റോഡ് പുനരുദ്ധാരണം

5.ചെമ്പൂര് ഒലിപ്പിൽ റോഡ് പുനരുദ്ധാരണം

6.പള്ളിത്തറ പട്ടവം തലയ്ക്കൽ റോഡ് പുനരുദ്ധാരണം

7.വള്ളിച്ചിറ കുടിവെള്ള പദ്ധതി നവീകരണം

## 3-10 10 mm സ്റ്റീൽ ബാർ ഉപയോഗിച്ചതിന് അധികനിരക്ക് നല്കി നഷ്ടം 6489/-

ഗ്രാമപഞ്ചായത്ത് 2017-18 ൽ നിർവഹിച്ച ഉദയൻ കാവ് റോഡിന് സൈഡ് വാൾ നിർമ്മാണം എന്ന പ്രവൃത്തിയിൽ 10mm സ്റ്റീൽ ബാർ ഉപയോഗിച്ചതിന് അധികനിരക്കും തുകയും അനുവദിച്ചതിലൂടെ നഷ്ടം ഉണ്ടായിട്ടുണ്ട്. വിവരം ചുവടെ ചേർക്കുന്നു.

അടങ്കൽ -4,02,345/-

ചെലവ്-3,97,241/-

കരാറുകാരൻ-H.ചന്ദ്രൻ

ടെണ്ടർ-0.01% below

എം ബുക്ക് നം-236/17-18

ബിൽ നം-25/222//17-18.dtd.31/01/18

പ്രവൃത്തിയിൽ ഇനം നം 5 ആയി 1360.45 മീറ്റർ 10 mm സ്റ്റീൽ ബാർ ഉപയോഗിച്ചിട്ടുണ്ട്. (എം.ബുക്ക് പേജ് നം 4,7&9).എന്നാൽ ഒരു മീറ്റർ 10 mm സ്റ്റീൽ ബാറിന്റെ അംഗീകൃത ഭാരമായ 0.617 kg/meter കണക്കാക്കുന്നതിന് പകരം 0.678 kg/meter കണക്കാക്കിയതിലൂടെ അധിക തുക നല്കേണ്ടി വന്നിട്ടുണ്ട്.

കണക്കാക്കിയ ഭാരം 1360.45 meter @ 0.678 kg/meter=922.38kg

കണക്കാക്കേണ്ടിയിരുന്ന ഭാരം 1360.45 meter @ 0.617 kg/meter=839.39kg

നല്കിയ തുക - 922.381@78220.93/tonne =72,149/-

നല്കേണ്ടിയിരുന്ന തുക -839.397 @ 78220.93/tonne =65658/-

അധികം കണക്കാക്കിയ തുക - 6491/-

ടെണ്ടർ കുറവ് -.65/-

അധികം നല്കിയ തുക – 6490/-

ഈ അപാകത സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി നം 17/2018തീയതി 26/10/18 പ്രകാരം വിശദീകരണം ആവശ്യപ്പെട്ടെങ്കിലും മറുപടി ലഭ്യമാക്കിയില്ല.ആയതിനാൽ അധികം നല്കിയ തുക 6490/- രൂപാ കരാറുകാരനിൽ നിന്നോ നിർവഹണ ഉദ്യോഗസ്ഥനായ അസി.എഞ്ചിനീയറിൽ നിന്നോ ഈടാക്കേണ്ടതാണ്.

## 3-11 പരമ്പരാഗത തൊഴിൽ ചെയ്യുന്നവർക്ക് ധനസഹായം-ലക്ഷ്യം കൈവരിച്ചിട്ടില്ല.

പ്രോജക്ടിന്റെ പേര് - പരമ്പരാഗത ഈറ്റതൊഴിലാളികൾക്ക് ധനസഹായം

പ്രോജക്ട് നം.- 112/18
ഫണ്ടിനം – എസ്.സി.പി. ഫണ്ട്
അടങ്കൽ തുക – 30,000/-
ചെലവ് തുക – 30,000/-

നിർവഹണ ഉദ്യോഗസ്ഥൻ-അസി.സെക്രട്ടറി.

സ്വയംതൊഴിൽ സംരംഭങ്ങൾ തുടങ്ങാനായി വിഭാവനം ചെയ്ത ഈ പ്രോജക്ട് നടപ്പിലാക്കാനായി അഞ്ച് വനിതാ അംഗങ്ങളെ ഉൾപ്പെടുത്തിയ ഒരു ഗ്രൂപ്പിന് 30,000/- രൂപ നല്കി. പട്ടികജാതിവികസന വർക്കിംഗ് ഗ്രൂപ്പിൽ ബാംബൂ തൊഴിലാളികൾക്ക് ധനസഹായംനല്കുന്നതിന് നിർദ്ദേശം ഉണ്ട്. പ്രോജക്ട് നടത്തിപ്പിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1)ഏതെങ്കിലും ഈറ സംഘങ്ങളിൽ രജിസ്റ്റർ ചെയ്തതിന്റെയോ പരമ്പരാഗത തൊഴിലാളികളാണെന്നതിന്റെയോ രേഖകൾ ലഭ്യമല്ല.

2)പദ്ധതിപണം ബാങ്ക് വഴി കൈമാറിയതല്ലാതെ തുകയുടെ വിനിയോഗം സംബന്ധിച്ച് യാതൊരു രേഖയും ലഭ്യമല്ല.

3) പദ്ധതിയുടെ ഒരു ഘട്ടത്തിലും മോണിട്ടറിംഗ് നടന്നിട്ടില്ല.

4)ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ മേൽനോട്ടം ഒരു ഘട്ടത്തിലും ഉണ്ടായിട്ടില്ല. പരമ്പരാഗത കൈതൊഴിലുകളുടെ പ്രോത്സാഹനത്തിനുള്ള ഈ പ്രോജക്ട് വെറും ധനസഹായം നല്കൽ മാത്രമായി പരിമിതപ്പെട്ടു.

## 3-12 പട്ടികജാതി വിദ്യാർത്ഥികൾക്ക് ഉന്നതപഠനത്തിന് ധനസഹായം-ബ്ലോക്ക് ഷെയർ ചെലവ് നടന്നിട്ടില്ല.

പ്രോജക്ട്നം -SO 128/18

ബിൽ നം -10/17-18 തിയതി 27/02/2018

ബിൽ തുക- 60,000/-
അടങ്കൽ – 1,45,000/- വികസന ഫണ്ട് (എസ്.സി.പി)
ബ്ലോക്ക് വിഹിതം – 5,05,000/-
ആകെ – 6,50,000/-രൂപ

27കുട്ടികൾക്കായി ഉന്നതപഠനത്തിന് ധനസഹായം നല്കുന്നതിന് വിഭാവനം ചെയ്ത പ്രോജക്ട് പെരുങ്കടവിള ബ്ളോക്കിൽ നിന്നും ബ്ളോക്ക് വിഹിതമായി 5,05,000/-രൂപ 20.09.2017 ന് ഗ്രാമപഞ്ചായത്തിൻെറ TSB അക്കൗണ്ടിൽ വരവ് വന്നിട്ടുണ്ട്. ഈ തുക ഇപ്പോഴും പഞ്ചായത്തിൻെറ അക്കൗണ്ടിൽ അവശേഷിക്കുന്നു. നാല് കുട്ടികൾക്ക് 15,000/- രൂപാ വീതം 60,000/- രൂപയാണ് SCPഫണ്ടിൽ നിന്നും ചെലവ് വന്നിട്ടുള്ളത്. ഭീമമായ തുകയ്ക്ക് പ്രോജക്ട് വച്ച് തുക ചെലവഴിക്കാതെ നഷ്ടപ്പെടുത്തുന്നത് ശരിയായ നടപടിക്രമമല്ല. ചെലവഴിക്കാതെ അവശേഷിക്കുന്ന ബ്ലോക്ക് വിഹിതം തിരിച്ചടയ്ക്കേണ്ടതാണ്.

പഞ്ചായത്തിന്റെ വികസനത്തിനുതകുന്ന രീതിയിൽ പദ്ധതിപണം പൂർണ്ണമായും ഉപയോഗിക്കുന്ന കാര്യത്തിൽ ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ മേൽനോട്ടം നടന്നിട്ടില്ല.

## 3-13 പദ്ധതിപണം പാഴാകുന്ന പ്രവണത ഒഴിവാക്കേണ്ടതാണ്

പട്ടികജാതി വിഭാഗങ്ങളിലെ സ്റ്റാറ്റസ് റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ച പ്രകാരമുള്ള ഗുരുതര പ്രശ്നങ്ങൾ നിലനിൽക്കെ, ഈ ഇനത്തിൽ ലഭിക്കുന്ന സർക്കാർവിഹിതം കാര്യക്ഷമമായി ഉപയോഗിക്കാൻ സാധിക്കാത്തത് പഞ്ചായത്തിന്റെ വീഴ്ചയായി വിലയിരുത്തുന്നു. പട്ടികജാതി ഉപപദ്ധതി നിർവഹണം ആരംഭിച്ച് കഴിഞ്ഞാൽ പ്രസ്തുത വർക്കിംഗ് ഗ്രൂപ്പ് പട്ടികജാതി ഉപപദ്ധതി നിരീക്ഷണസമിതിയായി പരിവർത്തനം ചെയ്യപ്പെടേണ്ടതും പ്രോജക്ടുകളുടെ നിർവഹണം ഫണ്ട് വിനിയോഗം എന്നിവ മോണിട്ടറിംഗ് ചെയ്യേണ്ടതും റിപ്പോർട്ട് തയ്യാറാക്കി ഭരണസമിതിയോഗത്തിന്റെ അജണ്ടയിലുൾപ്പെടുത്തി ചർച്ച ചെയ്ത് ആവശ്യമായ നടപടി സ്വീകിരിക്കേണ്ടതുമാണ്. ഇക്കാര്യത്തിൽ ക്ഷേമകാര്യസ്റ്റാൻഡിംഗ് കമ്മിറ്റിയുടെ മേൽനോട്ടത്തിലിള്ള പട്ടികജാതി വികസനവർക്കിംഗ് ഗ്രൂപ്പിന്റെ കാര്യക്ഷമമായ ഇടപെടലുണ്ടായിട്ടില്ല. പ്രസ്തുത വർക്കിംഗ് ഗ്രൂപ്പ് 2017-18 സാമ്പത്തികവർഷം മൂന്ന് പ്രാവശ്യം യോഗം ചേർന്നിട്ടുണ്ട് (20.2.17, 7.3.17, 6.1.18)). പഞ്ചായത്തിന്റെ ഏതാനുംചില പ്രശ്നങ്ങളെക്കുറിച്ചുള്ള രേഖപ്പെടുത്തലുകളും, സ്റ്റാറ്റസ്റിപ്പോർട്ട് അംഗീകരിച്ചു എന്ന രേഖപ്പെടുത്തലുമാണ് മിനിട്സ് പരിശോധനയിൽ കണ്ടെത്തിയത്. പദ്ധതി ആസൂത്രണത്തിലെ പിഴവ്, സർക്കാർ മാർഗനിർദ്ദേശം പൂർണമായും പാലിക്കാതെ ഗുണഭോക്തൃലിസ്റ്റ് തയ്യാറാക്കുന്നതുമൂലം ഗുണഭോക്താക്കളുടെ കുറവ്/അഭാവം (9.1.2017 ലെ സ.ഉ(എം.എസ്)10/2017/ ത.സ്വ.ഭ.വ, 29.3.2017ലെ സ.ഉ(എം.എസ്)72/2017/ത.സ്വ.ഭ.വ), മോണിട്ടറിംഗിന്റെ അഭാവം എന്നീ കാരണങ്ങളാണ് വികസനഫണ്ട് (എസ്.സി.പി)പൂർണമായി ഉപയോഗിയ്ക്കാനാകാത്ത സാഹചര്യമുണ്ടായത് ഉദാഹരണമായി

1) ഓട്ടോറിക്ഷാ ധനസഹായം( so90/18)

നാല് പേർക്ക് ധനസഹായം നല്കുന്നതിന് രണ്ട് ലക്ഷം രൂപ വികസന ഫണ്ടും 4,84,000/- രൂപ ബാങ്ക് ലോണും ഉൾപ്പെടുത്തിയ ഈ പ്രോജക്ട് ഒരാൾക്കുപോലും ധനസഹായം നല്കാതെ ലക്ഷ്യം കൈവരിച്ചിട്ടില്ല.

2)വാട്ടർ കണക്ഷൻ വ്യക്തിഗതം (107/18)

ഈ പ്രോജക്ടിൻെറ അടങ്കൽ തുകയായ 1,57,500/- രൂപയിൽ 60,000/ രൂപ മാത്രമാണ് ചെലവ് നടന്നത്.

3)ഉന്നതപഠനത്തിന് ധനസഹായം(128/18)

ഖണ്ഡിക നം. 3(14)ൽ പ്രതിപാദിച്ചിട്ടുണ്ട്.

പഞ്ചായത്തിൻെറ ഓരോ മേഖലയുടെയും അവസ്ഥ വിശകലനം ചെയ്ത് വികസനത്തിനുതകുന്ന രീതിയിൽ പ്രോജക്ടുകൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിന് സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ മേൽനോട്ടം അനിവാര്യമാണ്.

## 3-14 അങ്കണവാടികളിലെ സൗകര്യങ്ങൾ അപര്യാപ്തം

ആര്യങ്കോട് ഗ്രാമപഞ്ചായത്തിലെ അങ്കണവാടികളിൽ നിലവിലുള്ള സൗകര്യങ്ങൾ മെച്ചപ്പെടുത്തേണ്ടതുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.

1) സ്വന്തമായി കെട്ടിടം ഇല്ലാത്തവ : 17

2) വൈദ്യുതി ഇല്ലാത്തവ : 2

3) ചുറ്റുമതിൽ ഇല്ലാത്തവ : 4

4.സ്വന്തമായി സ്ഥലം ഉള്ളതും കെട്ടിടം ഇല്ലാത്തതും-5

6.അംഗൻവാടികൽ ഇല്ലാത്ത വാർഡ്- ചെമ്പൂര്

അങ്കണവാടികളുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്താൻ വേണ്ട സത്വര നടപടികൾ പഞ്ചായത്ത് കൈക്കൊള്ളേണ്ടതാണ്.

## 3-15 ജാഗ്രതാ സമിതികൾ നിർജ്ജീവം

ആര്യങ്കോട് ഗ്രാമപഞ്ചയത്തിൽ 16 വാർഡുകൾ ആണുള്ളത്. എന്നാൽ വാർഡ് തലത്തിലെ ജാഗ്രതാ സമിതികളുടെ പ്രവർത്തനം കാര്യക്ഷമമല്ല. 2017-18ൽ വാർഡുതല ജാഗ്രതാ സമിതികൾ യോഗം ചേർന്നിട്ടില്ല. പ്രസ്തുത കാലയളവിൽ ഗ്രാമ പഞ്ചായത്തു തലത്തിൽ ജാഗ്രതാ സമിതി യോഗം രണ്ടു പ്രാവശ്യം മാത്രമാണ് കൂടിയിട്ടുള്ളത്. 1994ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 164എ(5) പ്രകാരം വാർഡുതല ജാഗ്രതാ സമിതിയുടെയും ഗ്രാമപഞ്ചായത്തുതല ജാഗ്രതാ സമിതിയുടെയും യോഗങ്ങൾ എല്ലാ മാസവും കുറഞ്ഞത് ഒരു തവണയെങ്കിലും വിളിച്ചു കൂട്ടേണ്ടതും രണ്ട് യോഗങ്ങൾ തമ്മിലുള്ള ഇടവേള 30 ദിവസത്തിൽ കവിയാൻ പാടില്ലാത്തതുമാണ്. ആയതിനാൽ വാർഡുതല, ഗ്രാമപഞ്ചായത്തുതല ജാഗ്രതാ സമിതി യോഗങ്ങൾ കൃത്യമായ ഇടവേളകളിൽ നടത്താൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-16 ഗുണഭോക്തൃ തെരഞ്ഞെടുപ്പ് അപാകങ്ങൾ

മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കാതെയാണ് ഗ്രാമപ്പഞ്ചായത്ത് ഗുണഭോക്താക്കളെ നിശ്ചയിച്ചിരിക്കുന്നത്. അപാകങ്ങൾ ചുവടെ ചേർക്കുന്നു.

i)വെറ്ററിനറി സർജ്ജൻ, കൃഷി ഓഫീസർ, ക്ഷീര വികസന ഓഫീസർ, ഹെഡ്മിസ്ട്രസ്,ഐ സി ഡി എസ് സൂപ്പർവൈസർ എന്നിവർ നിർവ്വഹിച്ച പദ്ധതികൾക്ക് ഗുണഭോക്താക്കളെ തെരഞ്ഞെടുത്തത് അപേക്ഷകൾക്ക് ഓരോ പദ്ധതിക്കും ഉള്ള നിബന്ധനകൾക്ക് അനുസൃതമായി മാർക്ക് ഇട്ട് അല്ല. വാർഡ് തലത്തിൽ മാർക്ക് ഇടുന്നതിന് പകരം എല്ലാ വാർഡിൽ നിന്നും തുല്യ എണ്ണം ഗുണഭോക്താക്കളെ കിട്ടുന്ന തരത്തിൽ പഞ്ചായത്ത് തലത്തിൽ ആണ് മാർക്ക് കൊടുത്തിരിക്കുന്നത്.

അപേക്ഷകൾ വർക്കിംഗ് ഗ്രൂപ്പ് ചെയർപേഴ്സൺ, കൺവീനർ എന്നിവർ സാക്ഷ്യപ്പെടുത്തിയിട്ടില്ല. കൂടാതെ നിർവ്വഹിക്കാൻ വിവിധതരത്തിൽ ബുദ്ധിമുട്ടുള്ള പദ്ധതികൾ തെരഞ്ഞെടുക്കുന്നതു വഴി ഗുണഭോക്താക്കളെ കിട്ടുന്നതിനും അടങ്കൽ തുക പൂർണ്ണമായി ചെലവാക്കുന്നതിനും കഴിയാത്ത അവസ്ഥ പരിഹരിക്കേണ്ടതുണ്ട്.

## 3-17 സംയുക്ത പരിശോധന നടത്തിയിട്ടില്ല

പഞ്ചായത്ത് പരിധിയിൽ ആകെ 269 പൊതുടാപ്പുകളാണുള്ളത്. വെള്ളക്കരമിനത്തിൽ പ്രതിമാസം 1,17,688/-രൂപ ചെലവു വരുന്നുണ്ട്. എന്നാൽ ഇതിൽ എത്രയെണ്ണം പ്രവർത്തനക്ഷമമാണെന്ന പഞ്ചായത്തിനു തന്നെ വ്യക്തമായ മറുപടി ഹാജരാക്കുവാൻ കഴിഞ്ഞിട്ടില്ല. ഭീമമായ തുക വെള്ളക്കരമിനത്തിൽ മാസം തോറും അടക്കാവാക്കുന്നതു സംബന്ധിച്ച് 23.05.2017 -ലെ ജനറൽ കമ്മിറ്റി മീറ്റിങ്ങിൽ ചർച്ച ചെയ്യുകയും ആയതിന്റെ അടിസ്ഥാനത്തിൽ വാട്ടർ അതോറിറ്റിയുമായി ചേർന്നു സംയുക്ത പരിശോധന നടത്തുവാൻ തീരുമാനിക്കുകയും ചെയ്തു. എന്നാൽ നാളിതുവരെ ഈ വിഷയത്തിൽ പഞ്ചായത്തിന്റെ ഭാഗത്തു നിന്നും യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല.

ജി.ഒ(ആർ.റ്റി)2242/2011/തസ്വഭവ 28.09.2011 ലെ ഉത്തരവ് (2) പ്രകാരം സംയുക്ത പരിശോധന നടത്താത്ത തസ്വഭവ സ്ഥാപനങ്ങൾ രണ്ടാഴ്ച്ചയ്ക്കകം വാട്ടർ അതോറിറ്റിക്ക് കത്ത് നൽകി പരിശോധന നടത്തേണ്ടതാണ്.

എത്രയും വേഗം സംയുക്ത പരിശോധനയ്ക്കുള്ള നടപടി സ്വീകരിക്കുവാൻ ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയുടെ പ്രത്യേക ശ്രദ്ധക്ഷണിക്കുന്നു.

## 3-18 ഗുണഭോക്തൃ തെരഞ്ഞെടുപ്പ്, ആനുകൂല്യം നൽകൽ- സുതാര്യമല്ല

പന്ത്രണ്ടാം പഞ്ചവത്സര പദ്ധതിയുടെ സർക്കാർ ഉത്തരവ് (112/2014 തസ്വഭവ 25.06.14) പ്രകാരമാണ് ഗ്രാമപഞ്ചായത്ത് പ്രോജക്റ്റുകൾക്ക് വേണ്ടിയുള്ള ഗുണഭോക്താക്കളെ തെരഞ്ഞെടുത്തത്.

എന്നാൽ വി.ഇ.ഒ. നിർവ്വഹണോദ്യോഗസ്ഥനായ പ്രോജക്ടുകൾക്ക് നൽകിയിട്ടുള്ള ഗുണഭോക്താക്കളുടെ ലിസ്റ്റിൽ അപാകതകൾ കാണുന്നു. മിക്ക അപേക്ഷകളിലും അർഹത പരിശോധന നടത്തി മാർക്ക് രേഖപ്പെടുത്തിയിട്ടില്ല. വിശദ വിവരം ചുവടെ ചേർക്കുന്നു.

1. പ്രോജക്റ്റ് നം 91/18,ഓട്ടോറിക്ഷവാങ്ങുന്നതിനു ധനസഹായം.

വികസന ഫണ്ട് – 3,00,000/-

മറ്റുള്ളവ – 14,10,000/-

ആകെ അടങ്കൽ – 17,10,000/-

ചെലവ് – 2,10,000/-

മെച്ചപ്പെട്ട ജീവിതനിലവാരത്തിനായി 10 വനിതകൾക്ക് ഓട്ടോറിക്ഷ വാങ്ങുന്നതിലേയ്ക്കായി 30,000/-രൂപ വീതം വികസനഫണ്ടിൽ നിന്നും അനുവദിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതിയിൽ ആനുകൂല്യം

ലഭിക്കുന്നതിനായി 7 പേർ അപേക്ഷ സമർപ്പിക്കുകയും ചെയ്തു. എന്നാൽ പഞ്ചായത്തിൽ നിന്നും നിർവ്വഹണോദ്യോഗസ്ഥന നൽകിയ ഗുണഭോക്തൃ ലിസ്റ്റിൽ 30 പേരുണ്ടായിരുന്നു. അപേക്ഷകൾ പരിശോധിച്ചതിൽ ആനുകൂല്യം ലഭിച്ച ഒരു വ്യക്തി മാത്രമാണ് അപേക്ഷ നൽകിയത്.(ശ്രീമതി കുമാരി സരോജം). ബാക്കി 6 പേരുടെയും അപേക്ഷ പരിശോധനയ്ക്കായി ഹാജരാക്കിയിട്ടില്ല.

2. പ്രോജക്ട് നം SO 294/17, ഭിന്നശേഷിക്കാർക്ക് പെട്ടിക്കട

വികസന ഫണ്ട് – 8,32,934/-

തനതു ഫണ്ട് – 17,066/-

ആകെ അടങ്കൽ - 8,50,000/-

ചെലവ് – 7,25,000/-

25,000/-രൂപ നിരക്കിൽ 29 പേർക്ക് പെട്ടിക്കട നടത്തുന്നതിനായി ആനുകൂല്യം നൽകിയിരിക്കുന്നു.

12 പേർ മാത്രമാണ് അപേക്ഷ സമർപ്പിച്ചിരിക്കുന്നത്. പഞ്ചായത്തിൽ നിന്നും നിർവ്വഹണോദ്യോഗസ്ഥന നൽകിയ ഗുണഭോക്തൃ ലിസ്റ്റിൽ 49 പേരുണ്ടായിരുന്നു. 29 പേരിൽ 3 പേർ പഞ്ചായത്ത് കമ്മിറ്റി 31.07.2017 ന അംഗീകരിച്ച ഗുണഭോക്ത ലിസിറ്റിൽ ഉൾപ്പെടാത്തവരാണ്.

1. സ്വർണ്ണമ്മ, ജയിംസ് ഭവൻ, പശുവണ്ണറ, കീഴാറൂർ

2. സലീം.ഒ, കരിമ്പ് മണ്ണടി, ആറ്റിൻക്കര വീട്, മഞ്ചംക്കോട്.

3.ജ്ഞാനദത്തം, മാങ്കോട്ടുക്കോണം റോഡരികത്തു വീട്, കീഴാറൂർ

ആനുകൂല്യം ലഭിച്ചവരിൽ 4 പേർ മാത്രമാണ് അപേക്ഷ നൽകിയിരിക്കുന്നത്. 8 പേരുടെ അപേക്ഷ പരിശോധനയ്ക്കായി ഹാജരാക്കിയിട്ടില്ല.

3. പ്രോജക്ട് നം 20/18, പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ്

എസ്.സി.പി.ഫണ്ട് – 5,00,431/-

ചെലവ് – 4,50,300/-

ഉന്നതപഠന സഹായത്തിനായി 20പേർക്ക് ലാപ്ടോപ്പ് വിതരണത്തിനായി നടപ്പാക്കിയ പദ്ധതിയിൽ 18 വിദ്ധ്യാർത്ഥികൾക്ക് ലാപ്ടോപ്പ് വിതരണം ചെയ്തിട്ടുണ്ട്. 27 പേർ അപേക്ഷിച്ചിട്ടുണ്ട്. പഞ്ചായത്ത് അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റിൽ 37 പേരുണ്ട്. എന്നാൽ ഒരു കുട്ടിയുടെ അപേക്ഷമാത്രമാണ് പരിശോധനയ്ക്കായി ലഭ്യമാക്കിയത്. (പ്രവീൺ രജിധരൻ, മണികണ്ഠവിലാസം, ഒറ്റശേഖരമംഗലം). പഞ്ചായത്ത് കമ്മിറ്റി 31.07.2017 ന അംഗീകരിച്ച ഗുണഭോക്തൃ ലിസിറ്റിൽ ഉൾപ്പെടാത്ത 2 പേരുണ്ടായിരുന്നു.

1.അപർണ്ണ.എസ്.നീതു ഭവൻ, ഒറ്റശേഖരമംഗലം.

2.വിജിത്ത്കുമാർ, എ.വി.ഭവൻ, ഇടവാൽ, ഒറ്റശേഖരമംഗലം.

പഞ്ചായത്ത് കമ്മിറ്റി 31.07.2017 ന അംഗീകരിച്ച ഗുണഭോക്തൃ ലിസിറ്റിൽ ഉൾപ്പെടാത്തതും, അപേക്ഷ സമർപ്പിച്ചതും ആനുകൂല്യം ലഭിച്ചതുമായ വ്യക്തിയാണ് അനന്തകൃഷ്ണൻ.കെ.വി. എതുക്കര

പുതുവൽ പുത്തൻവീട്, ചെമ്പൂര്, ഒറ്റശേഖരമംഗലം.

പ്രോജക്ടുകൾക്ക് ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിന് ഗ്രാമപഞ്ചായത്ത് നൽകിയ അപേക്ഷയോടൊപ്പം അർഹതാ മാനദണ്ഡം, മുൻഗണനാ മാനദണ്ഡം, മാർക്ക് എന്നിവ സൂചിപ്പിക്കുന്ന അനുബന്ധം ഉൾപ്പെടുത്തിയിട്ടുണ്ട് എന്നാൽ അപേക്ഷകളിൽ ഈ വിധത്തിലുള്ള മാനദണ്ഡം പാലിച്ചല്ല ഗുണഭോക്താക്കളുടെ പട്ടിക ക്രമപ്പെടുത്തിയിട്ടുള്ളത്. കൃത്യമായ അപേക്ഷയുടെ അടിസ്ഥാനത്തിലല്ല ആനുകൂല്യം നൽകുന്നത്. പഞ്ചായത്ത് കമ്മിറ്റിയിൽ അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടാത്ത വ്യക്തികൾക്കും ആനുകൂല്യം നൽകിയിരിക്കുന്നു. വാർഡ് അടിസ്ഥാനത്തിൽ തയ്യാറാക്കിയ സാക്ഷ്യപ്പെടുത്താത്ത ലിസ്റ്റും, ഗ്രാമപഞ്ചായത്ത് സ്വീകരിച്ച ഗുണഭോക്തൃ തെരഞ്ഞെടുപ്പ് നടപടി യഥാർത്ഥ ഗുണഭോക്താക്കൾക്ക് ആനുകൂല്യം ലഭിക്കുന്നതിനു തടസ്സം സൃഷ്ടിച്ചിട്ടുണ്ട്.

## 3-19 പത്രപരസ്യത്തിന് ഡിസ്കൗണ്ട് നേടുന്നില്ല

04.11.2011 ലെ ജി.ഒ. (ആർ.ടി.) 1/2011/പി ആന്റ് എ.ആർ.ഡി. പ്രകാരം സർക്കാർ സ്ഥാപനങ്ങളുടെ പത്രപ്പരസ്യത്തിന് 15% ഡിസ്കൗണ്ട് ലഭിക്കേണ്ടതുണ്ട്. 2017-18 സാമ്പത്തിക വർഷം 1,30,674/- രൂപ പത്രപ്പരസ്യത്തിനായി ചെലവാക്കിയെങ്കിലും ഡിസ്കൗണ്ട് നേടിയിട്ടില്ല. ഡിസ്കൗണ്ട് നേടിയിരുന്നെങ്കിൽ 19,601/- രൂപ ഈ ഇനത്തിൽ പഞ്ചായത്തിന് ലാഭിക്കാമായിരുന്നു. ടി അപാകത ഓഡിറ്റ് എൻക്വയറി നം.21/27.10.2018 പ്രകാരം സെക്രട്ടറിയെ അറിയിച്ചിരുന്നു. മറുപടി ലഭ്യമാക്കിയില്ല. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധ ഈ വിഷയത്തിൽ പതിയേണ്ടതാണ്.

# ഭാഗം-4

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്റ്റിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക്, പഞ്ചായത്ത് | 2017-18 | 40800 | ജൈവസമൃദ്ധി | 40800 | - |
| ബ്ലോക്ക്, പഞ്ചായത്ത് | 2017-18 | 554750 | ഭിന്നശേഷി സ്കോളർഷിപ്പ് | 510148 | 44602 |
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 250000 | ചിൽഡ്രൻസ് പാർക്ക് | 250000 | - |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര്/പ്രോജക്ട് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| | വൗച്ചർ നം./ ചെക്ക് നം. | | | |
| വാട്ടർ അതോറിറ്റി | നം.114/17-18പൈപ്പ് ലൈൻ നീട്ടിൽ | 18,47,500/- | 18,47,500/- | |
| വൈദ്യുതി ബോർഡ് | പ്രോജക്ട് നം.127/18, 22/18, 123/18 തെരുവ് വിളക്ക് ലൈൻ എക്സ്റ്റൻഷൻ, പോസ്റ്റ് ഇടൽ, തെരുവ് വിളക്ക് സ്ഥാപിക്കൽ | 1539983 | 1262457 | 277526 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

| ക്രമ നം. | കൺവീനറുടെ പേര് | പ്രവൃത്തിയുടെ പേര് | ബിൽ/വൗച്ചർ നം./ ചെക്ക് നം. | തുക | അഡ്ജസ്റ്റ് ചെയ്തത് | ബാക്കി |
|---|---|---|---|---|---|---|
| ഇല്ല | | | | | | |

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ഉദ്ദേശ്യം | ഉത്തരവ് നം./ തിയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ് ഭവന വായ്പ | GO(MS) 275/2010/lsgd dated 27.01.2010 | 13014000 | 3904200 | 1393735 | | 2510465 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും,<br>ഉദ്യോഗപ്പേരും | രസീത് നം/ തീയതി |
|---|---|---|---|---|
| ഇല്ല | | | | |

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം.

ഇല്ല

## 4-8 ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

ഓഡിറ്റ് വർഷത്തെ ആകെ വരവ് : 7,54,63,045/-

ഓഡിറ്റ് വർഷത്തെ ആകെ ചെലവ് : 7,90,63,134/-

വരവിനങ്ങളിലുള്ള നഷ്ടം : ഇല്ല

ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക : 6,490/-

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക : 23,72,464/-

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | ശ്രീ. ദീപക്ക്.എസ്.ആർ.<br>അസിസ്റ്റന്റ്.എൻജിനീയർ |
| 3-10 | | 6,490/- | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-6 | 20,33,172/- | ശ്രീ. എസ്.ഒ. ഷാജികുമാർ, സെക്രട്ടറി |
| 3-9 | 3,39,292/- | ശ്രീ. ദീപക്ക്. എസ്.ആർ.<br>അസി. എഞ്ചിനീയർ |

സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.ദീപക്ക്.എസ.ആർ . | അസിസ്റ്റന്റ്.എൻജിനീയർ, ആര്യങ്കോട് ഗ്രാമപഞ്ചായത്ത് | ഈശ്വരിഭവൻ, കൈതക്കുഴി ലൈൻ, പി.പി.എം. ജംഗഷൻ, കളിയിക്കാവിള |
| ശ്രീ. എസ്.ഒ. ഷാജികുമാർ, | സെക്രട്ടറി, ആര്യങ്കോട് ഗ്രാമപഞ്ചായത്ത് | എസ്.എസ്.ഭവൻ, തിരുപുറം. പി.ഒ. |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 1998-99 | | 1 | |
| 2000-01 | എൽ.എഫ്.റ്റി.ഡി.ജി.പി.2/2126/, 10-10-2003 | 4 | |
| 2001-02 | എൽ.എഫ്.റ്റി.ഡി.ജി.പി.2/760/2003, 6-4-04 | 1 | |
| 2002-03 | എൽ.എഫ്.റ്റി.ഡി.ജി.പി.2/1137/04, 2-12-05 | 5 | |
| 2003-04 | എൽ.എഫ്.റ്റി.ഡി.ജി.പി.2/1486/15, 17-02-07 | 0 | |
| 2004-05 | എൽ.എഫ്.റ്റി.ഡി.ജി.പി.2/285/08, 16-10-08 | 2 | |
| 2005-06 | എൽ.എഫ്.റ്റി.ഡി.ജി.പി.2/286/08, 16-10-2008 | 0 | |

| | | | |
|---|---|---|---|
| 2006-07 | എൽ.എഫ്.റ്റി.ഡി.ജി.പി.2/369/2010, | 3 | |
| 2007-08 | എൽ.എഫ്.റ്റി.ഡി.ജി.പി.2/370/2010, 31-8-10 | 4 | |
| 2008-09 | എൽ.എഫ്.റ്റി.ഡി.ജി.പി.2/2169/11, 03-04-12 | 1 | |
| 2009-10 | എൽ.എഫ്.റ്റി.ഡി.ജി.പി.2/2165/2011, 3-4-12 | 3 | |
| 2010-11 | എൽ.എഫ്.റ്റി.ഡി.ജി.പി.2/308/13, 5-4-13 | 6 | |
| 2011-12 | എൽ.എഫ്.റ്റി.ഡി.ജി.പി.2/648/2013, 09-07-13 | 2 | |
| 2012-13 | എൽ.എഫ്.റ്റി.ഡി.ജി.പി.2/1028/2014, 14-1-15 | 3 | |
| 2013-14 | കെ.എസ്.എ.റ്റി.വി.എം.ജി.പി./2/2025/15, 7-12-15 | 0 | |
| 2014-15 | കെ.എസ്.എ.റ്റി.വി.എം.ജി.പി.2/1152/16 18-07-16 | 4 | |
| 2015-16 | കെ.എസ്.എ.റ്റി.വി.എം.ജി.പി.2/1936/2016, 15-11-2016 | 1 | |
| 2016-17 | കെ.എസ്.എ.റ്റി.വി.എം.ജി.പി.2/1141/2017, 04-08.2017 | 20 | |

ഒപ്പ്

ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

<u>അനുബന്ധം-1</u>

<u>ഓഡിറ്റ് സാക്ഷ്യപത്രം</u>

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ് 4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(6), 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ)1413/ 2018/ത.സ്വ. ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും ആര്യങ്കോട് ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു .

എന്റെ അഭിപ്രായത്തിൽ അന്യത്ര ചേർത്ത അപാകതകൾ ഒഴികെ സ്ഥാപനത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ ശരിയായ വിധത്തിൽ സൂക്ഷിക്കുന്നു. സ്ഥാപനത്തിന്റെ വരവുകൾ യഥാവിധ കണക്കിലുൾപ്പെടുത്തിയിട്ടുണ്ട്. ചെലവുകൾ എല്ലാം തന്നെ വൗച്ചറുകളുടെ അടിസ്ഥാനത്തിലാണ്.

ഒപ്പ്
ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്.